


ഗുരുണാ പ്രേഷിതാ വയം..

# ബ്രഹ്മശ്രീ

ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2019 ജനുവരി – ഫെബ്രുവരി, വാല്യം :16 – ലക്കം:2





# ഷഷ്ടിപൂർത്തി

**പട്ടണക്കാട് മുല്ലശ്ശേരി ഇല്ലത്ത്
ദാമോദര ശർമ്മ**

എഴുനൂറിലേറെ പൂർണ്ണേന്ദുവെ
കണ്ടുകണ്ടഴകോടെയെത്തുമീ, യറു
പതാം തിരുനാളിലെഴുതേണമീശ്വരാ,
ആയുരാരോഗ്യസുഖമിനിയും
മുല്ലശ്ശേരിയില്ലത്തെ ശർമ്മയിൽ

**വയലാർ ശരത്ചന്ദ്രവർമ്മ**

1194 വൃശ്ചികം 28ന് പട്ടണക്കാട് മുല്ലശ്ശേരി ഇല്ലത്ത് ദാമോദര ശർമ്മയുടെ ഷഷ്ഠ്യബ്ദ പൂർത്തി ഗണപതിഹോമം, മൃത്യുഞ്ജയ ഹോമം, വിഷ്ണുപൂജ, ഭഗവതിസേവ, കാൽകഴുകിച്ചൂട്ട് എന്നിവയോടുകൂടി സമംഗളം ആഘോഷിച്ചു ഇതോടനുബന്ധിച്ച് മലയാള ബ്രാഹ്മണ സമാജം തുറവൂർ ശാഖയുടെ നേതൃത്വത്തിൽ ആശംസായോഗം ചേർന്നു. ശാഖാ പ്രസിഡന്റ് രഘുനാഥിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആചാര്യൻ മാന്താനത്ത് ഇല്ലത്ത് ശ്രീ കൃഷ്ണൻ ഇളയത്, മാന്താനത്ത് ഇല്ലത്ത് ശ്രീ പരമേശ്വരൻ ഇളയത്, ജില്ലാ സെക്രട്ടറി പുല്ലയിൽ ഇല്ലത്ത് ശ്രീ പി.എൻ.വാസുദേവൻ നമ്പൂതിരി, തൈക്കാട്ടുശേരി ശാഖാപ്രസിഡന്റ് ശ്രീ ബാലചന്ദ്രൻ, സെക്രട്ടറി വഴുതനപ്പള്ളി ഇല്ലത്ത് ശ്രീകുമാരൻ ഇളയത്, മാന്താനത്ത് ഇല്ലത്ത് ശ്രീമതി സുധാകുമാരി തുടങ്ങിയ വിശിഷ്ടവ്യക്തികൾ ആശംസകൾ നേർന്നു.



**വൈക്കം കുഴിയ്ക്കാട്ടില്ലത്ത് പരേതനായ ശ്രീ പരമേശ്വരൻ ഇളയതിന്റെ സഹധർമ്മിണി രാധ അന്തർജനം കുടുംബാംഗങ്ങളോടൊപ്പം ജനുവരി 20 ന് സപ്തതി ആഘോഷിച്ചു**

2019 ജനുവരി–ഫെബ്രുവരി, വാള്യം : 16 – ലക്കം: 2

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**ശ്രീ. പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം–686 634, ഫോൺ : 8281108575

**ശ്രീ. ടി. വി. നാരായണ ശർമ്മ** (കേന്ദ്ര പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം, മാലം പി.ഒ., കോട്ടയം–686 019
ഫോൺ : 9562356959

**ശ്രീ. കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണ്ണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ.,
തൃശൂർ–680 615, ഫോൺ : 8589895026, 8129480591

**ശ്രീ. എം. എൻ. കേശവൻ ഇളയത്**
രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ,
എറണാകുളം–682 301, ഫോൺ : 9995110078

**ശ്രീ. നീലാംബരൻ ഇളയത്**
തോട്ടത്തിൽ ഇല്ലം (ശ്രീവത്സം), ചെറുതുരുത്തി പി.ഒ.,
തൃശൂർ–679 531, ഫോൺ : 94468 89931

**ശ്രീമതി. ശാരദാമണി കെ. കെ.**
കൃഷ്ണപ്രഭ, കളവംകോടം പി. ഒ., ചേർത്തല ,
ആലപ്പുഴ–688 524, ഫോൺ : 94976 34008

**ഡോ. ഹരികൃഷ്ണ ശർമ്മ**
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയ–686 503, ഫോൺ : 98475 98896

**ശ്രീ. അരുൺ കീച്ചേരിൽ** (സർക്കുലേഷൻ)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ. –686 575, ഫോൺ : 94468 46461

**ശ്രീ. വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം–682 306, ഫോൺ : 94475 66168

**Bank Account : Indian Bank, M.G. Road,
Ernakulam | A/c. No. : 867897300,
IFSC Code : IDIB000M036
email : brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

കഴിഞ്ഞ ഡിസംബർ മാസം 30–ാം തീയതി പെരുമ്പാവൂർ വച്ചു നടന്ന സമാജം കേന്ദ്ര സമിതി യോഗത്തിനു ശേഷം എനിയ്ക്ക് പോകേണ്ടിയിരുന്നത് തൃപ്പൂണിത്തുറയ്ക്കായിരുന്നു.

ബസ്സുകൾ മാറിമാറിയുള്ള ആ യാത്ര മറക്കാനാവാത്ത അനുഭവമായിരുന്നു !!
'സത്തർക്കഴലിലഥവാ തുണയ്ക്കുവാ
നെത്തും നിയതിയോരോ വടിവിൽ'
എന്നു കുമാരനാശാൻ പാടിയതുപോലെ എനിയ്ക്കു തുണയായി കോത്തല ശാഖയിലെ ദിലീപും ഉണ്ടായിരുന്നു. അദ്ദേഹത്തിന് എത്തേണ്ടത് മുളന്തുരുത്തിയിലാണ്. കഴിഞ്ഞ 25 വർഷത്തിലേറെക്കാലമായുള്ള കടൽ ജീവിതം കൊണ്ട് എനിയ്ക്ക് ബസ്സിൽ യാത്ര വളരെ കുറച്ചേ വേണ്ടിവന്നിട്ടുള്ളു. ഈ വഴി അത്ര നിശ്ചയമില്ലാത്തതു കൊണ്ട് ദിലീപ് ഒരു വലിയ സഹായമായി എന്ന് മാത്രമല്ല സംസാരിയ്ക്കാൻ ഒരാളും ഉണ്ടല്ലോ.

പറഞ്ഞാൽ നിങ്ങൾ ചിരിയ്ക്കും. വൈകുന്നേരം ഏതാണ്ട് 4 മണിയ്ക്ക് പെരുമ്പാവൂരിലെ വീഥികളിലേക്കിറങ്ങിയ ഞങ്ങൾ രാത്രി ഒമ്പതരയ്ക്കാണ് തൃപ്പൂണിത്തുറയെത്തുന്നത് !!

പെരുമ്പാവൂർ, ആലുവ, ഇടപ്പള്ളി ഇവിടെയൊക്കെ KSRTC പ്രൈവറ്റ് ബസ് സ്റ്റേഷനുകളിൽ എത്രയോനേരം കാത്തുനിന്നു. വല്ലപ്പോഴും ഒരു ശകടം വന്നാൽ അതിൽ കയറാൻ വയ്യാത്തത്ര തിരക്കും. അത്യാവശ്യം ഒന്നും ഇല്ലാത്തതു കൊണ്ട് തിരക്കൊന്നും പിടിക്കാതെ ബുദ്ധിമുട്ടുകൾ ആസ്വദിച്ച് സമാധാനമായിട്ടാണ് ഞങ്ങൾ യാത്ര ചെയ്തത്. തൃപ്പൂണിത്തുറയിൽ ഇറങ്ങുമ്പോൾ ഞാൻ ദിലീപിനോട് പറഞ്ഞു.

അടുത്ത പേജിൽ ...

**ഉപദേശകസമിതി**
**ഡോ പി.വി വിശ്വനാഥൻ നമ്പൂതിരി**
**ഡോ പി.സി.മുരളീമാധവൻ | പ്രൊഫ. ബാലചന്ദ്രശർമ്മ**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam

"എനിയ്ക്കു കണ്ടകശ്ശനിക്കാലമാണ്. ഒന്നല്ലെങ്കിൽ വേറൊരു തരത്തിൽ അലച്ചിൽ വിധിയുള്ളതാണ്. '

ദിലീപ് തമാശയായി പറഞ്ഞ മറുപടി ഞാൻ പലരോടും പറഞ്ഞും ഓർത്തും ചിരിയ്ക്കാറുണ്ട്.

'എന്റെ ചേട്ടാ, ഏതു നേരത്തെ പറഞ്ഞിരുന്നെങ്കിൽ ഞാൻ വേറെ വല്ല വഴിയ്ക്കും ഒറ്റയ്ക്ക് പോന്നേനെ' എന്ന്.

എനിയ്ക്കിപ്പോൾ സംശയം ഇതാണ്.

കണ്ടകശനി എനിയ്ക്കല്ലേയുള്ളൂ. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും കണ്ടകശ്ശനിക്കാലമാണോ?!!

ആവശ്യത്തിന് സർവീസ് ഒരിടത്തും ഇല്ല. പൊട്ടിപ്പൊളിഞ്ഞു വൻ ഗർത്തങ്ങൾ രൂപപ്പെട്ടിരിയ്ക്കുന്ന ബസ് സ്റ്റേഷനുകൾ. ഒരു മൂത്രപ്പുര പോലും ഇല്ല. ഉള്ളതിന്റെ അവസ്ഥ അതി ഭീകരം. ഉത്സവത്തിന്റെ ആളു നിറഞ്ഞുനിൽക്കുന്ന ഒരു സീറോ ബൾബുപോലും പ്രകാശിയ്ക്കാത്ത ഇരുട്ടു മൂടിയ ബസ് സ്റ്റേഷനുകൾ. ഒരു നിയന്ത്രണവുമില്ലാതെ വന്നു പോകുന്ന വണ്ടികൾ. സമയ വിവരപ്പട്ടിക പോകട്ടെ ബോർഡ് വച്ചിരിയ്ക്കുന്ന ബസ്സുകൾ പോലും എപ്പോൾ പുറപ്പെടും എന്ന് ആർക്കും അറിയാത്ത അനിശ്ചിതാവസ്ഥ. ആരോടും ഒരു പ്രതിബദ്ധതയും ഇല്ലാതെ ഏതോ അന്യഗ്രഹത്തിൽ നിന്ന് ഇറങ്ങിവന്നു ബസ് ഓടിയ്ക്കാൻ ഉള്ള മഹാ മനസ്കത കാണിയ്ക്കുകയാണെന്നു തോന്നിയ്ക്കുന്ന അഹങ്കാരത്തിന്റെ മൂർത്തീരൂപങ്ങളായ ടിക്കറ്റ് വിൽക്കുന്നവരും വളയം പിടിയ്ക്കുന്നവരും.

വളരെ മുന്നേറിയവർ എന്ന് അഭിമാനിയ്ക്കുന്ന ഒരു പരിഷ്കൃത സമൂഹത്തിന്റെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പൊതു ഗതാഗത സംവിധാനത്തിന്റെ ഈ അക്ഷന്തവ്യമായ പിടിപ്പുകേടിന് ആർ ഉത്തരം പറയും?

എത്രയും ജീവിതഗന്ധിയായ ഒരു പ്രശ്നത്തിന് ദശാബ്ദങ്ങളായി പരിഹാരം കാണാൻ കഴിയാത്ത കെടുകാര്യസ്ഥതയ്ക്കും നഷ്ടത്തിൽ നിന്നും നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തി പൂട്ടിക്കെട്ടാറായ ധാർഷ്ട്യത്തിനും മുന്നിൽ ബസ് സ്റ്റാൻഡിലെ ബോർഡുവയ്ക്കാത്ത ആനവണ്ടിയ്ക്ക് മുൻവശത്തു കുറ്റവാളികളെപ്പോലെ ഇരുട്ടിൽ ഇന്ന് വീട്ടിലെത്താൻ കഴിയുമോ എന്നുതന്നെ നിശ്ചയമില്ലാത്തവനായി നിൽക്കുന്നതുപോലെ നിൽക്കാനാണോ നമുക്ക് എന്നും വിധി.

മാറിമാറി ഭരിച്ചവർക്കും കൊട്ടിഘോഷിയ്ക്കപ്പെട്ട മാനേജ്മെന്റിന് വിദഗ്ദ്ധർക്കും അനേകം കോടതിവിധികൾക്കും ആയിരക്കണക്കിന് പരിഹാര നിർദ്ദേശങ്ങൾക്കും ഒന്നും കരകയറ്റാനാവാത്തവിധം നമ്മുടെ പൊതുഗതാഗത സംവിധാനം തകർന്നു പോകുന്നതെന്തുകൊണ്ട്?

ഇരുചക്രവാഹനങ്ങളുൾപ്പെടെയുള്ള ഇത്രയധികം സ്വകാര്യ വാഹനങ്ങൾ റോഡിലിറങ്ങാനും ദാരുണമായ അപകടങ്ങൾ ദിവസവും ഉണ്ടാകാനും കാരണം ലക്ഷ്യവും മാർഗവുമറിയാത്ത നാഥനില്ലാത്ത ഈ ഗതാഗത സംവിധാനം തന്നെ അല്ലേ?!!

നന്നാവില്ലെന്നു ശപഥം ചെയ്ത് ആസന്നമൃത്യു വിനെ കട്ടപ്പുറത്തു കാത്തുകിടക്കുന്ന പിതാവായ സർക്കാരിന്റെ ഓമനയും ജനസേവനസൗകര്യസുഖകന്യകകളെ അപഹരിച്ചവനുമായ ഈ ധൂർത്തപുത്രനെ രക്ഷപെടുത്താനെത്തിയ അവസാന വൈദ്യനും രാജശാസനത്തിനാൽ പിന്മാറിക്കഴിഞ്ഞു. ഇനി എല്ലാം കൗരവഹിതം .

നമുക്ക് വിഷ്ണുസഹസ്രനാമം ജപിക്കാം.

ഏത് അവതാരമാണ് ഇന്ന് വന്ന് നമ്മെ രക്ഷപ്പെടുത്തുക.

ഹരി

പത്രാധിപർ

## പൂജാപഠനക്യാമ്പ് 2019

മലയാള ബ്രാഹ്മണസമാജത്തിന്റെ നേതൃത്വത്തിലുള്ള 2019ലെ പൂജാപഠനക്യാമ്പ് 2019 ഏപ്രിൽ മാസം 16-ാം തീയതി മുതൽ 28 വരെ എം.ബി.എസ്. കോത്തല ശാഖയിലുള്ള കൂരോപ്പട കോമന്നൂരില്ലം വകയായുള്ള ശ്രീധർമ്മ ശാസ്താക്ഷേത്രസന്നിധിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. ഉപനയനം കഴിഞ്ഞിട്ടുള്ള സമാജാംഗങ്ങളുടെ കുട്ടികൾക്ക് പ്രസ്തുത ക്യാമ്പിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്ന കുട്ടികളുടെ പേരുവിവരം മൊബൈൽ നമ്പർ സഹിതം 31-03-2019നു മുമ്പായി താഴെകൊടുത്തിട്ടുള്ള ഫോൺനമ്പരിൽ വിളിച്ച് അറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 2000 രൂപയാണ്

ഹരിമോഹൻ പുതുമന ഇല്ലം 9497465571

കെ.കെ. പുരുഷോത്തമ ശർമ്മ

ജോ.കൺവീനർ, 9447142702



കവിത

മാറി മാറി വരുന്ന ചിന്തകളിൽ
ആടിയാടിയൊഴുകുന്നു ജീവിതം
അൽപമെങ്കിലുമൊരാശ്രയം ഹരേ
നിൻ വിചാരമുണരുന്ന വേളകൾ

സ്വത്വബോധമകലാതെയെന്നരികിൽ
എപ്പൊഴും ശുഭവിചാരമായ്
നിൽക്കുവാനവധി കിട്ടുമെങ്കിൽ
അതിധന്യനാകുമഹമെൻ പ്രഭോ

സെൻ

# സംഘടനാ രഹസ്യം

മനോജ് മേലേട്ട്
*Former Org Secretary, Hindu Economic Forum*

ഒരു ശരാശരി ഹിന്ദുവിന്റെ ജീവിതത്തിന് ഒരുപാട് വില കൊടുക്കേണ്ടി വരും... വലിയ വില.....

ഏതെങ്കിലും സംഘടനയുടെ യോഗത്തിലേയ്ക്ക് ക്ഷണിച്ചാൽ സമയമില്ലാ എന്ന് ഒഴിവ് കഴിവ് പറഞ്ഞ് ഒഴിഞ്ഞ് മാറാൻ ശ്രമിക്കുന്നവരാണ് ബഹുഭൂരിക്ഷം വരുന്ന ഹിന്ദുക്കളും. കൂടാതെ തനിക്ക് എന്ത് മെച്ചം എന്നും ചിലർ ചോദിക്കും. ചിലർ ബൈലോ കണ്ടാലെ വരൂ. സംഘടനാ സംവിധാനങ്ങളിൽ പ്രവൃത്തിച്ചുള്ള അനുഭവമില്ലായ്മയാണ് ഇക്കൂട്ടരെ ഈ രീതീയിൽ ചിന്തിപ്പിക്കുന്നത്. ഇങ്ങനെ ചിലവഴിക്കുന്ന സമയം വെറും പാഴായിപ്പോകുന്നു എന്ന് ഇക്കൂട്ടർ വാദിക്കുകയും ചെയ്യുന്നു. പകരം അവർക്ക് താല്കാലിക സന്തോഷം തരുന്ന കാര്യങ്ങളിലേക്ക് ഇവർ സംബന്ധിക്കുന്നു.

പക്ഷെ ആഴ്ചയിലൊരിക്കലെങ്കിലും ഒന്നോ രണ്ടോ മണിക്കൂർ സമാന മനസ്കരുമായി ഒന്നിച്ച് ചില വഴിക്കുന്നതിൻറെ പ്രയോജനങ്ങൾ പരിശീലിച്ചും ശീലിച്ചും അനുഭവിച്ചു തന്നെ മനസ്സിലാക്കേണ്ടി വരും...

സംഘടനയുടെ ഭാഗമല്ലാത്ത വ്യക്തി അവർക്ക് എന്തെങ്കിലും അവശ്യഘട്ടത്തിൽ അത് നേടിയെടുക്കുന്നതിനു വേണ്ടി പരിചയങ്ങളും ബന്ധങ്ങളും ഉണ്ടാക്കിയെടുക്കാൻ ദിവസങ്ങളും ചിലപ്പോൾ മാസങ്ങളും വർഷങ്ങളും ചിലവഴിക്കേണ്ടി വരുന്നു. എന്നാൽ ഒരു സംഘടനയുടെ ഭാഗമായവർക്ക് ഏതാനും മിനിട്ടുകൾക്കുള്ളിൽ ജോലി പൂർത്തിയാക്കാൻ ബന്ധങ്ങൾ സഹായിക്കുന്നു. എന്തു കൊണ്ടു പലർക്കു പ്രത്യേകിച്ച് ഹിന്ദുവിനു സമയക്കുറവുണ്ടാകുന്നതിന്റെ പ്രധാന കാരണം ഇവിടെ വ്യക്തമാണ്. സംഘടനാ രഹസ്യമറിയാതെ സമയക്കുറവുമൂലം അവൻ പരക്കം പായുന്നു.

പലപ്പോഴും തനിക്ക് അവശ്യം വേണ്ടുന്ന കാര്യങ്ങൾ പോലും ചോദിച്ച് വാങ്ങിക്കുവാൻ മുൻ പരിചയമില്ലായ്മ അവനെ സ്വയം തടയുന്നു.

സാമൂഹ്യജീവി എന്ന നിലയിൽ നല്ല സൗഹൃദങ്ങളുടേയും ബന്ധങ്ങളുടേയും അഭാവം വ്യക്തികളുടെ ആത്മവിശ്വാസം തകർക്കുന്നു ഞാൻ ഏകനാണ് എന്ന തോന്നൽ അവരെ അലട്ടുന്നു.

മാതാപിതാക്കളുടെ ഏകാന്തവാസവും പരസഹായമില്ലാത്ത ജീവിതവും കുട്ടികളുടെ ആത്മവിശ്വാസം കെടുത്തുന്നു.

ചർച്ച ചെയ്യപ്പെടാത്ത കുടുംബപ്രശ്നങ്ങൾ വിവാഹമോചനങ്ങളിലേയ്ക്കും വിവാഹേതര ബന്ധങ്ങളിലേയ്ക്കും നയിക്കപ്പെടുന്നു.

വെല്ലുവിളികൾ ഏറ്റെടുക്കുവാനുള്ള മടി മൂലം സാമ്പത്തികപരാധീനതയിൽ ഉഴറി ജീവിക്കുന്നു. സമ്പത്തിനോട് നിഷേധവും ഉള്ളരോട് അസൂയയും സാമൂഹ്യസേവനം ചെയ്യുന്നവരോട് പുച്ഛവും വരട്ടു സോഷ്യലിസ്റ്റ് വാദവും ഇക്കൂട്ടരുടേ മുഖമുദ്രയാണ്.പാരമ്പര്യമായി ലഭിക്കേണ്ടുന്ന തുണ്ടുഭൂമിക്കു വേണ്ടി മാതാപിതാക്കളോടും സഹോദരങ്ങളോടും നിഷ്ക്കരുണം കേസു പറഞ്ഞ് വെല്ലുവിളിക്കുന്നു.

കുട്ടിയുടെ എണ്ണം ഒന്ന് മാത്രമായി നിജപ്പെടുത്തുന്നു. ഈ ഏകസന്താനത്തെ അമിതമായി ലാളിച്ച് സ്വാർത്ഥതയുടെ പര്യായമായി സാമൂഹികപ്രതിബദ്ധതയില്ലാതെ വളർത്തുന്നു.

അപക്വമായ പ്രണയ പ്രശസ്തി ചതിക്കുഴികളിൽ ഈ കുട്ടികൾ പെടുന്നു. ഭാവിയിൽ ജോലിതേടിയും വിവാഹം കഴിച്ചും പോകുന്ന ഈ ഏകസന്താനം അച്ഛനമ്മമാരെ ഉപേക്ഷിക്കുന്നു. പൊതുസമൂഹത്തിൽ ഇടപഴകുന്നതിള്ള പരിശീലനം ലഭിക്കാത്തതു കൊണ്ട് വ്യക്തി കുടുംബ സാമൂഹ്യ ഔദ്യോഗിക ജീവിതമേഖലകളിൽ പരാജയപ്പെടുന്നു.

സമയമില്ലാതെ നെട്ടോട്ടമോടുമ്പോൾ ആരോഗ്യശീലങ്ങൾ മറക്കുന്നു. വിവിധരോഗങ്ങൾക്ക് അടിമയായി അവയൊക്കെ നാട്ടുനടപ്പായി വിധിയായി സമാധാനിക്കുന്നു. മരുന്നുകൾ കഴിക്കുന്നു. വിവിധ പ്രശ്നങ്ങൾക്ക് ജ്യോൽസ്യന്മാരെക്കാണുന്നു.

ഹിന്ദുവിനും ജീവിതവിജയത്തിനും ഇടയിലുള്ള അകലം രണ്ടേ രണ്ട് വാക്കുകൾ മാത്രം'ശക്തമായ തീരുമാനം'. എല്ലാ ആഴ്ചയിലും ഏതെങ്കിലും ഹൈന്ദവ കൂട്ടായ്മയിൽ പങ്കെടുക്കുക. കുടുംബാംഗങ്ങളെ പങ്കെടുപ്പിക്കുക. യാതൊരു നിബന്ധനയും കൂടാതെ. പഠിക്കാത്തതും പരിശീലിക്കാത്തതും സ്വായത്തവും ശീലവുമാവില്ല. ഹിന്ദു ഐക്യവും സംസ്കാരവും അങ്ങനെ തന്നെ. ഉപയോഗിക്കാത്ത ശരീരാവയങ്ങൾക്ക് ബലക്ഷയം വരുന്നതു പോലെയും ഉപയോഗിക്കാത്ത ഇരുമ്പ് തുരുമ്പിക്കുന്നതു പോലെയും.

അങ്ങനെ 168 മണിക്കൂറുള്ള ഒരാഴ്ചയിൽ ഒരു മണിക്കൂറു പോലും സ്വന്തം സംസ്കാരം പരിപോഷിപ്പിക്കുന്ന ഒരു പരിപാടിയിലും പങ്കെടുത്ത് ശീലമില്ലാത്ത ഒരു ശരാശരി ഹിന്ദുവിന്റെ ജീവിതത്തിന് **ഒരുപാട് വില കൊടുക്കേണ്ടി വരും... വലിയ വില...**

കവിത

## നഷ്ടധാമം

**വി. എൻ. വാസുദേവൻ ഇളയത്**
വാളമറ്റത്തില്ലം, കോതമംഗലം, 9495800950

വാനിലെ പൂത്തിങ്കൾ പോലെ, ചാഞ്ചാടുവാൻ
മാനസമന്നിൽ വിരിഞ്ഞ പ്രസൂനമേ
നിന്നസ്തിബോധം പ്രകമ്പനം കൊള്ളിച്ചി
തെന്നകക്കാമ്പിൻ മുരളീതലങ്ങളിൽ !
കല്പനാഗാനസമീരണനെത്തിയെൻ
കാമനയൂതിത്തനിപ്പൊന്നുതീർത്തതു
കണ്ണുവച്ചെത്തിയവാനസഞ്ചാരികൾ
കൊണ്ടുപോ, യെന്നെയെറിഞ്ഞുവനാന്തരം.
രാത്രിയാമങ്ങളിലെത്തും കിനാവുകൾ
പേർത്തും നിറയുന്ന ഭാണ്ഡങ്ങൾപേറി ഞാൻ,
അധ്വഖേദത്തിന്റെ വായ്ത്തലയേൽക്കയാൽ
രക്തം പൊടിയും തനു മാനസങ്ങളാൽ
കാലദൂരങ്ങൾ തൻ കാതങ്ങളേറെയും
കാൽനടയായീപ്രയാണം തുടരവേ
കണ്ടിടും കൈവിട്ട ധാമമേ, ദൂരെകാർ
കൊണ്ടലുച്ചത്തിൽ മദിക്കുന്ന വേളകൾ!
ആത്മസാഫല്യം വരിയ്ക്കയാണങ്ങിനെ
അന്തമജ്ഞേയമീയാത്രാപഥങ്ങളിൽ.

അനുസ്മരണം

# ചുള്ളിമംഗലം ഉണ്ണിക്ക്യഷ്ണൻ



മുൻ കേന്ദ്ര ജനറൽ സെക്രട്ടറിയും നിലവിൽ കോട്ടയം ജില്ലാ സക്രെട്ടറിയുമായിരുന്ന ബ്രഹ്മശ്രീ ഉണ്ണിക്കൃഷ്ണൻ ചുള്ളിമംഗലത്തിൻെറ അകാല ദേഹവിയോഗം സമാജത്തിനും സമാജാംഗങ്ങൾക്കും ഏൽപിച്ച ആഘാതം അത്യന്തം വേദനാജനകമാണ്. സമാജത്തെ സംബന്ധിച്ചിടത്തോളം യോഗ്യനായ മറ്റൊരംഗം സ്ഥാനം ഏറ്റെടുക്കുന്നതോടെ സംഘടനാപരമായ വിടവ് കാലം നികത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം. എന്നാൽ അംഗങ്ങൾക്ക് ഉണ്ണിക്കൃഷ്ണനുമായി ഉണ്ടായിരുന്ന വ്യക്തിബന്ധത്തിൻെറ അഭാവം സൃഷ്ടിക്കുന്ന ശൂന്യത ഒരിക്കലും നികത്തപ്പെടുകയില്ല. ഒരിക്കലെങ്കിലും നേരിട്ടു ബന്ധപ്പെട്ടിട്ടുള്ള ഒരാൾക്കും ഉണ്ണിക്കൃഷ്ണനെ മറക്കാൻ കഴിയില്ല. അത്തരത്തിലൊരു മാസ്മരികത ആ പെരുമാറ്റത്തിലുണ്ടായിരുന്നു. നേതൃഭാവത്തിൻെറ ആന്തരികധാര ഉൾച്ചേർന്നതായിരുന്നു ആ സവിശേഷ വ്യക്തിത്വം.

സമാജപ്രവർത്തനങ്ങൾക്ക് പുതിയൊരു ദിശാബോധവും മാർഗ്ഗദർശനവും നല്കുവാനും ഊർജ്ജസ്വലത പകരുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നുവെന്നുള്ളത് ഏവർക്കും അറിവുള്ളതാണ്. ഭരണതലത്തിലെ അഴിച്ചുപണികൾക്ക് അദ്ദേഹം മുൻകൈയെടുത്തു പ്രവർത്തിച്ചതിൻെറ ഗുണഫലങ്ങൾ നാം അറിഞ്ഞു തുടങ്ങുന്നതേയുള്ളു. അദ്ദേഹത്തിൻെറ നിലപാടുകൾ ശരിയായിരുന്നുവെന്ന് കാലം തെളിയിക്കട്ടെ. ആ സംഘടനാപാടവവും നേതൃത്വഗുണവും ആത്മാർത്ഥതയും നിസ്വാർത്ഥതയും കഠിനാദ്ധ്വാനവും സർവ്വോപരി ആ സ്നേഹവും ഇനിയും കൂടുതൽ ഉയരങ്ങളിൽ എത്തിപ്പെടുവാൻ സഹായകമായിരുന്നെങ്കിലും വിധി അതിനനുവദിച്ചില്ല. സമാജം അദ്ദേഹത്തോടൊപ്പം വളരുന്നതു കാണുവാനുള്ള ഭാഗ്യം നമുക്കും ലഭിച്ചില്ല.

കോട്ടയം ജില്ലാ സമിതിയുടെ വരുന്ന മൂന്നു വർഷത്തേക്കുള്ള പ്രവർത്തന രൂപരേഖയൊന്നുമാത്രം മതി അദ്ദേഹത്തിൻെറ വിശാലവീക്ഷണത്തിനു തെളിവ്.സാക്ഷാത്കരിക്കുവാൻ ഒരുപിടി സ്വപ്നങ്ങൾ തന്നിട്ട്, അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കി അദ്ദേഹം മുൻപേ നടന്നുപോയി.ആ ഉത്തരവാദിത്തം നമുക്ക് ഏറ്റെടുക്കാം. ആ ആത്മാവിന് വേണ്ടി അർപ്പിക്കുവാനുള്ള ഏറ്റവും വലിയ ആദരം അതായിരിക്കും.

അതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും അതിനെ അതിജീവിക്കുവാനുള്ള ആത്മബലം അവർക്കുണ്ടാവാൻ ജഗദീശ്വരനോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ബാബുകുമാർ റ്റി എൻ
(കോട്ടയം ജില്ലാ പ്രസിഡണ്ട്)

ആത്മാർത്ഥത, നിശ്ചയദാർഢ്യം ഇവ മനുഷ്യസഹജ ദൗർബല്യങ്ങളാണെങ്കിൽ ഈ ലോകത്തെ ഏറ്റവും ദുർബ്ബലനായ മനുഷ്യനായിരുന്നു പ്രിയപ്പെട്ട ഉണ്ണിച്ചേട്ടൻ.

എം .ബി.എസ് കേന്ദ്ര ജന.സെക്രട്ടറി പദം അലങ്കരിച്ചിരുന്ന കാലത്ത് അദ്ദേഹത്തെക്കുറിച്ച് കേട്ടറിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ . ഇടക്കാലത്ത് തൊഴിൽപരമായ തിരക്കുകൾ മറ്റും മൂലം സജീവസംഘടനാ പ്രവർത്തനങ്ങൾക്ക് അവധി കൊടുത്ത് മാറിനിന്ന ഇടവേള അദ്ദേഹത്തിലെ മനുഷ്യസ്നേഹി സ്ഫുടം ചെയ്യപ്പെട്ട കാലമായിരുന്നു.

തുടർന്ന് ഏതാണ്ട് ഒരു പതിറ്റാണ്ടിനിപ്പുറം വീണ്ടും സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായി വന്ന കാലം മുതൽ തുടങ്ങിയ സൗഹൃദം ..

അനുഭവിച്ചറിഞ്ഞു അദ്ദേഹത്തിലെ നേതാവിനെ, ജേഷ്ഠസഹോദരനെ, കൂട്ടുകാരനെ സർവ്വോപരി കറകളഞ്ഞ മനുഷ്യസ്നേഹിയെ...

ഒരിക്കൽ ഇടപെട്ട ആരും അദ്ദേഹത്തെ മറക്കില്ല, കാരണം, അനുപമമായ ആ വ്യക്തിവൈശിഷ്ട്യം തന്നെ...

ജീവിതത്തിന്റെ മദ്ധ്യാഹ്നത്തിൽ തീക്ഷ്ണ യൗവനത്തിന്റെ സായാഹ്നത്തിൽ വീണുടഞ്ഞ ഒരു അശ്രു കുടീരമാണ് ആ ജന്മം. അതിജീവനത്തിന്റെ ആത്മസംഘർഷങ്ങൾ ഉള്ളിൽ നിറയുമ്പോഴും ഒരു ചെറുപുഞ്ചിരിയോടെ എല്ലാ സന്ദിഗ്ദ്ധ ഘട്ടങ്ങളേയും അതിജീവിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് എം.ബി.എസ് പല തവണ തൊട്ടറിഞ്ഞതാണ്.

ആധുനിക നവോത്ഥാന പാതയിലൂടെ എം.ബി.എസ് നടന്നു തുടങ്ങിയപ്പോൾ അദ്ദേഹം ഒപ്പമില്ല എന്നുള്ളത് അപരിഹാര്യമായ നഷ്ടം തന്നെ;എങ്കിലും, അദ്ദേഹം വിഭാവനം ചെയ്ത ഒരു നയരേഖ സാർത്ഥകമാക്കുവാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണ്. എം.ബി.എസിനെ കുറിച്ച് ഒത്തിരി സ്വപ്നങ്ങൾ കണ്ട, നമ്മെ സ്വപ്നം കാണാൻ പഠിപ്പിച്ച ആധന്യാത്മാവിനു മുന്നിൽ സാഷ്ടാംഗം പ്രണമിക്കുന്നു ...അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ എം.ബി.എസ് പങ്കുചേരുന്നു

ശ്രീകാന്ത് ശ്രീലകം
ജില്ലാ ജോയിന്റ് സെക്രട്ടറി

# സർദാർ വല്ലഭായ് പട്ടേൽ
## ചരിത്രത്തിലെ സുപ്രധാന ഏട്


വേണു, ഗുരുവായൂർ ശാഖ

സ്വതന്ത്ര ഇന്ത്യയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചതായുള്ള 3 നേതാക്കന്മാരായി നാം മഹാത്മാഗാന്ധിയേയും ജവഹർലാൽ നെഹ്റുവിനേയും സർദാർ വല്ലഭായ് പട്ടേലിനും കണക്കാക്കുന്നു. എന്നാൽ ആദ്യ രണ്ടു വ്യക്തിത്വങ്ങൾക്കുള്ള പരിഗണന മൂന്നാമതായ സർദാർ പട്ടേലിന് നൽകിയില്ലായെന്ന് വിമർശനമുള്ളതായ ഈ കാലഘട്ടത്തിൽ അതിലേക്ക് കണ്ണോടിക്കുന്നത് നല്ലതായിരിക്കുമെന്ന് തോന്നുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 1 പറയുന്നത് ഇന്ത്യ, അതായത് ഭാരത്, ഒരു യൂണിയൻ ഓഫ് സ്റ്റേറ്റ് ആയിരിക്കുമെന്നാണ്. സർദാർ പട്ടേലിനേക്കാൾ ഭാരത് സൃഷ്ടിക്കുന്നതിൽ വലിയൊരു ക്രഡിറ്റ് മറ്റാൾക്കും അവകാശപ്പെടാനാവില്ല. ബ്രിട്ടന്റെ നേരിട്ട് നിയന്ത്രണത്തിലുള്ള ഭൂവിഭാഗങ്ങളെല്ലാം ഇന്ത്യ ഇൻഡിപെൻഡൻഡ് ആക്ടിനാൽ ഇന്ത്യയുടെ ഭാഗമായി തീർന്നു. എന്നാൽ ഏകദേശം മൂന്നിൽ ഒന്ന് വരുന്ന 560 ഓളം നാട്ടുരാജ്യങ്ങളെല്ലാം ഇതിനു പുറത്തായിരുന്നു.

ഇവയെ ഇന്ത്യയുടെ ഭാഗമാക്കാൻ ഒരുങ്ങി പുറപ്പെട്ട ഒരു രാഷ്ട്രനേതാവായിരുന്നു സർദാർ പട്ടേൽ. മൗണ്ട് ബാറ്റൻ പ്രഭുവിന്റെ ഭരണഘടനാ ഉപദേഷ്ടാവും മലയാളിയുമായ വി.പി.മേനോൻ ഇക്കാര്യത്തിൽ പട്ടേലിന്റെ കൂടെയുായിരുന്നുവെന്നത് കേരളീയർക്ക് അഭിമാനിക്കാവുന്നതുമാണ്.

ഇന്ത്യ ഇൻഡിപെൻഡൻഡ് ആക്ട് പ്രകാരം ബ്രിട്ടന്റെ കീഴിലായിരുന്ന പ്രദേശങ്ങൾ ഒന്നുകിൽ ഇന്ത്യയുടേയോ പാക്കിസ്ഥാന്റേയോ അല്ലെങ്കിൽ മറ്റൊരു സ്വതന്ത്രഭരണാധികാര ഭാഗമാകേണ്ടതുായിരുന്നു. എന്നാൽ നാട്ടുരാജ്യങ്ങളുടെ ഭരണാധികാരികൾക്ക് ഇതൊന്നും ബാധകമല്ലായിരുന്നു. ഇന്ത്യ എന്ന വലിയ ഭൂവിഭാഗം ഒന്നിച്ച് ഒരു രാജ്യമാക്കുന്നതിന് ഏറെ ബുദ്ധിമുട്ടുള്ള സമയത്താണ് ആ ദൗത്യം സർദാർ പട്ടേൽ ഏറ്റെടുത്തത്. നാട്ടുരാജ്യങ്ങൾ ഇന്ത്യയുടെ ഭാഗമാകുമ്പോൾ അവിടത്തെ ഭരണാധികാരികൾക്ക് (രാജാക്കന്മാർക്കും സുൽത്താൻമാർക്കും) തങ്ങൾക്കധീനമായ നിരവധി ഗ്രാമങ്ങൾ, ഭരണകൂടത്തിന് അവകാശപ്പെട്ട ഭൂമികൾ, വിസ്തൃതമായ കൊട്ടാരസമുച്ചയങ്ങൾ, മ്യൂസിയങ്ങൾ, രാജകെട്ടിടങ്ങൾ, വിമാനങ്ങൾ, ഖജനാവ് (ഏകദേശം 77 കോടി രൂപയുടെ നിക്ഷേപം) എന്നിവ അടിയറവെയ്ക്കേിയിരുന്നു. അതു മാത്രമല്ല, അവരുടെ അധികാരം, പ്രതാപം, സുഭിക്ഷമായ ജീവിതം എന്നിവ നഷ്ടപരിഹാരം കൂടാതെ ഉപേക്ഷിക്കുകയും അധികാരം വിട്ടൊഴിയുന്ന ആ നിമിഷത്തിൽ സാധാരണയായ ഒരു പൗരൻ മാത്രമായി തീരുകയുമായിരിക്കും ഫലം.

കൂലിപണിക്കാരന് കൂലിവേല ചെയ്ത് ജീവിക്കാമായിരുന്നു. എന്നാൽ ഇന്നലെ വരെ രാജാവോ രാജകുടുംബത്തിൽ പെട്ടവനോ ആയവന് പട്ടിണി കിടന്ന് മരിക്കുക മാത്രമായിരിക്കും വിധി.




ഇതു കൂടാതെ 12000 മൈൽ റെയിൽസംവിധാനം സ്വതന്ത്ര ഇന്ത്യക്ക് യാതൊരു നഷ്ടവും ഈടാക്കാതെ വിട്ടുകൊടുക്കണമായിരുന്നു. ഈയൊരു ഘട്ടത്തിൽ രാജാക്കന്മാരെകൊണ്ട് നാട്ടുരാജ്യങ്ങൾ വിട്ടുനൽകുന്നതിന് പട്ടേൽ, വി.പി.മേനോന്റെ സഹായത്തോടെ രംഗത്തിറങ്ങി. ഈയൊരു ഉപഭൂഖണ്ഡത്തെ ഒറ്റ രാജ്യമായി തീർക്കുന്നതിന് ഉരുക്കുമനുഷ്യനു മാത്രമെ കഴിയുമായിരുന്നുള്ളൂ.

ഇന്ത്യയെ സംയോജിപ്പിക്കാൻ അത്യാവശ്യം ഭീഷണി പ്രയോഗിക്കേണ്ടി വന്നിരുന്നുവെങ്കിലും അവരുടെ ന്യായമായ ആവശ്യത്തെ നിരാകരിക്കാൻ പട്ടേലിനു കഴിഞ്ഞില്ല. അവർ ആവശ്യപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് സാധിച്ചില്ലെങ്കിലും രാജകുടുംബത്തിന്റെ വാർഷിക വരുമാനം കണക്കാക്കിയതിന്റെ 8.5 ശതമാനം (പ്രിവിപേഴ്സ്) നൽകുന്നതിന് ധാരണയായി. 1947 ലെ കണക്കു പ്രകാരം ഇന്ത്യൻ ഖജനാവിന് 6 കോടി രൂപ ഈയിനത്തിൽ ചെലവ് വരുമെന്ന് കണക്കാക്കി. വർഷത്തിൽ 5000/- രൂപ മുതൽ 26 ലക്ഷം രൂപ വരെ ഓരോരുത്തർക്കും നൽകേണ്ടി വന്നിരുന്നു. ഏറ്റവും കൂടുതൽ നൽകാനുള്ളത് കൂടുതൽ നിക്ഷേപമുള്ള മൈസൂർ രാജവംശത്തിനായിരുന്നു. അതിനു താഴെയായി ഹൈദ്രാബാദ് (20 ലക്ഷം), തിരുവതാംകൂർ (18 ലക്ഷം), ജെയ്പൂർ (18 ലക്ഷം), പാട്യാല (17 ലക്ഷം) എന്നിവയായിരുന്നു. എന്നാൽ ധാരാളം ചെറുനാട്ടുരാജ്യങ്ങൾക്കു വെറും 5000 രൂപ മാത്രമാണ് അർഹമായുായിരുന്നത്. വലിയൊരു സംഖ്യയായി മൊത്തം തോന്നുമെങ്കിലും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞതുപോലെ അവർ വിട്ടു നൽകിയ സമ്പത്തിന്റെ ചെറിയൊരു പലിശ കണക്കാക്കിയാൽ പോലും നൽകേണ്ടിയിരുന്ന പ്രിവിപേഴ്സിനേക്കാൾ വരുമായിരുന്നു. ഈയൊരു തുക രാജ്യത്തിന്റെ അഖണ്ഡതക്കു നൽകിയ ചെറിയൊരുവില മാത്രമായിരുന്നു.

1949 ഒക്ടോബർ 12 ന് സർദാർ പട്ടേൽ ഭരണഘടനയിൽ 291, 292 വകുപ്പുകൾ ഉൾപ്പെടുത്തി പ്രിവിപേഴ്സ് ഉൾപ്പെടുത്തി തന്റെ വാഗ്ദാനം പാലിച്ചു. അതുവഴി മുൻ ഭരണാധികാരികളുടെ അഭിമാനവും അന്തസ്സും പരിരക്ഷിക്കുകയും ഇന്ത്യയുടെ അഖണ്ഡത സംരക്ഷിക്കുകയും ചെയ്തു. ഒരു രക്തരൂക്ഷിത വിപ്ലവത്തിന് പകരം ചെറിയൊരു വില നൽകി വലിയൊരു മാറ്റത്തിന് വിത്തു പാകി.


തുടരും ....

**(അടുത്ത ലക്കം - ഒരു ചതിയുടെ കഥ)**

വിവിധ മേഖലകളിൽ ലോകം എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് ആ രംഗങ്ങളിലെ വിദഗ്ദ്ധർ വായനക്കാരെ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. (നാനാ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സമാജംഗങ്ങളിൽ നിന്നും ഇത്തരത്തിലുള്ള കൗതുകകരവും വിജ്ഞാനപ്രദവുമായ ലേഖനങ്ങൾ ക്ഷണിക്കുന്നു. വിഷയങ്ങൾക്ക് പരിധിയില്ല. ക്ഷേത്രവിജ്ഞാനം മുതൽ റോക്കറ്റ് വിക്ഷേപണം വരെ ആകാം. ലേഖനം ബ്രഹ്മശ്രീയുടെ മൂന്നു പേജിൽ കൂടുതൽ ആകരുതെന്നു മാത്രം : പത്രാധിപർ)

# വ്യോമയാനനിയന്ത്രണം ഒരുപരിചയപ്പെടൽ

പി. രാജീവ് പാണാട്ടില്ലം
8547590292, 0484 - 2476454

പൈലറ്റിൻറെ ചെവിയിൽ എയർ ട്രാഫിക് കോൺട്രോളറുടെ ശബ്ദം മുഴങ്ങി.

*" Air India 839 , continue Approach Runway 27 wind 260 degrees and 8 knots . Expect landing clearance at 2 miles."*

തിരക്കുള്ള ഒരു വിമാനത്താവളത്തിലേക്ക് ലാൻഡ് ചെയ്യാൻ എത്തിക്കൊണ്ടിരിക്കുന്ന എയർ ഇന്ത്യയുടെ വിമാനത്തിലെ പൈലറ്റിന് വ്യോമഗതാഗത നിയന്ത്രണ സംവിധാനത്തിലെ ഡ്യൂട്ടിയിലുള്ള എയർ ട്രാഫിക് കൺട്രോളർ കൊടുക്കുന്ന ഒരു സാധാരണ നിർദേശമാണിത്. വിമാനം ലാൻഡു ചെയ്യാനുള്ള തയ്യാറെടുപ്പിൽ തന്നെ വന്നുകൊള്ളൂ എന്നും ലാൻഡു ചെയ്യാനുള്ള നിർദ്ദേശം റൺവേയിൽനിന്നു ഏകദേശം 2 മൈൽ (3.5 Km) ലെ കിട്ടുകയുള്ളു എന്നുമാണ് അർത്ഥം. ആകാശത്തും റൺവേയിലും വിമാനങ്ങളുടെ അതിസങ്കീർണ്ണമായ ഗതാഗത നിയന്ത്രണമാണ് എയർ ട്രാഫിക് കൺട്രോളർ ചെയ്യുന്നത്. അനന്ത വിസ്തൃതമായ ആകാശലോകത്തിലേക്ക് തുറന്നു വച്ചിരിക്കുന്ന കണ്ട്രോൾ റൂമിലെ കണ്ണുകളായ റഡാറിനു മുന്നിൽ ഹെഡ് സെറ്റിലൂടെ വാക്കുകൾ കൊണ്ട് നിർദ്ദേശം നൽകിക്കൊണ്ടിരിക്കുന്ന പുറംലോകം അറിയാത്ത ഒരു സമൂഹമാണിവർ.

അന്താരാഷ്ട്രതൊഴിൽസംഘടന ഏറ്റവും മാനസികസംഘർഷമുള്ള ജോലികളിലൊന്നായി കണക്കാക്കുന്ന തൊഴിലാണ് എയർട്രാഫിക്ക് കൺട്രോൾ . ലാൻഡു ചെയ്യാനുള്ള ഒന്നിലേറെ വിമാനങ്ങൾ ഒരേ സമയത്തു എത്തുമ്പോൾ വിമാനങ്ങളെ തമ്മിൽ ഒരു നിശ്ച്ചിത അകലത്തിലാണ് കൺട്രോളർ കൊണ്ടുവരിക. പുറകെയുള്ള വിമാനങ്ങൾക്കു താമസം വരുത്തുവാൻ പല ദിശകളിൽ മാറ്റി പറപ്പിച്ചാണ് ഇത് സാധിക്കുന്നത്. ഈ രണ്ടു വിമാനങ്ങളും ലാൻഡുചെയ്യുന്നതിനിടയിൽ മറ്റൊരു വിമാനത്തിന് ടേക്ക്ഓഫ്ചെയ്യാനുള്ള സമയവും കൂടി ഉണ്ടാവും . ഒരു വിമാനം ലാൻഡു ചെയ്യുമ്പോൾ തന്നെ ടേക്ക്ഓഫ് ചെയ്യാനുള്ള വിമാനത്തെ അതിനു തയ്യാറാക്കി നിർത്തിയിരിക്കും . ഇവിടെ സെക്കന്റുകളിൽ ആണ് ഗതിവിഗതികൾ തീരുമാനിക്കപ്പെടുന്നത്. മുംബൈ പോലുള്ള തിരക്കുള്ള വിമാനത്തവളങ്ങളിൽ രണ്ടുലാൻഡിങ്ങുകൾ തമ്മിൽ ഏതാണ്ട് 130 സക്കെൻഡുകൾ ഉണ്ടാവാൻ പാകത്തിലാണ് വിമാനങ്ങളെ എയർട്രാഫിക്ക് കൺട്രോളർ കൊണ്ടുവരിക. ആദ്യവിമാനം ലാൻഡു ചെയ്തു റൺവേയിൽനിന്നും മാറാൻ 45-50 സെക്കന്റുകളാവും എടുക്കുക. മറ്റൊരു വിമാനത്തിന് ടേക്ക് ഓഫ്ചെയ്യാൻ 30-40 സെക്കന്റുകളും. എന്തെങ്കിലും കാരണംകൊണ്ട് ടേക്ക് ഓഫ് ചെയ്യാൻ സാധിക്കാതെ വന്നാൽ , ലാൻഡുചെയ്യാൻ വരുന്ന വിമാനത്തിനു വീണ്ടും പറന്നുയരാനുള്ള നിർദ്ദേശം കൊടുക്കാനും പറന്നുയരാനും ഇത്രയും സമയം കുറഞ്ഞത് വേണം.

അതീവ ശ്രദ്ധയും ഏതു അടിയന്തിര സാഹചര്യങ്ങളെയും മനഃസാന്നിധ്യത്തോടെ നേരിടാനുള്ള തയ്യാറെടുപ്പുമാണ് എപ്പോഴും കൂടെയുണ്ടാവേണ്ടത് . ഇവിടെ ഉപയോഗിക്കുന്ന ഭാഷയുടെയോ , ഉപകരണങ്ങളുടെയോ, ഇതിനെയെല്ലാം നിയന്ത്രിക്കുന്ന തെറ്റുകളുടെ പര്യായമായ മനുഷ്യന്റെയോ ഒരു ചെറിയ പാളിച്ച മതി കാര്യങ്ങൾ കൈവിട്ടുപോകാൻ. ലാൻഡു ചെയ്യുന്നതും, ടേക്ക്ഓഫ്ചെയ്യുന്നതും, റൺവേയിൽ കയറുന്നതും ഇറങ്ങുന്നതും എന്നുവേണ്ട വിമാനത്താവളത്തിലെ എല്ലാ ചലനങ്ങളും എയർ ട്രാഫിക് കൺട്രോൾ റൂം കൃത്യമായ നിർദ്ദേശത്തിലൂടെ മാത്രമേ പാടുള്ളു . മൂടൽമഞ്ഞുമൂലം വിമാനത്താവളങ്ങളിൽ ഉണ്ടാകാറുള്ള കാഴ്ച്ചക്കുറവും മോശമായ കാലാവസ്ഥയും പൈലറ്റുമാരെപ്പോലെ കൺട്രോളറുടെയും പേടിസ്വപ്നം തന്നെയാണ് . പ്രതികൂലകാലാവസ്ഥമൂലം വിമാനത്താവളത്തിൽ വിമാനം ലാൻഡു ചെയ്യാൻ സാധിക്കാതെ വരുമ്പോൾ, ഇവിടേക്ക് വന്നുകൊണ്ടിരിക്കുന്ന വിമാനങ്ങളുടെയെല്ലാം നിയന്ത്രണം ഏറ്റെടുത്ത് ഒരു നിശ്ചിത അകലങ്ങളിൽ നിലനിർത്തുകയെന്നത് വളരെ ശ്രമകരമായ ഒരു വെല്ലുവിളി തന്നെയാണ്. വിശാലമായ ആകാശത്തുപോലും സ്ഥലമില്ലാത്ത അവസ്ഥ !

എല്ലാ വിമാനങ്ങൾക്കും ഒരു പേര് ഉണ്ടാകും. ആ പേരു വിളിച്ചാണ് എയർ ട്രാഫിക് കൺട്രോളർ നിർദ്ദേശം കൊടുക്കുന്നത്. കോൺട്രോളറുടെ ഒരു നിർദ്ദേശം അശ്രദ്ധകൊണ്ട് പൈലറ്റ്കേൾക്കാതിരുന്നാൽ കാര്യങ്ങൾ മാറിമറിയും. കൊടുത്ത നിർദേശം പൈലറ്റ് കേട്ടു എന്നും കേട്ടത് ശരിയാംവണ്ണം മനസ്സിലായി എന്നും ഉറപ്പിക്കാൻ എയർട്രാഫിക് കൺട്രോളരുടെ നിർദ്ദേശം പൈലറ്റ്തിരിച്ചു പറഞ്ഞു കേൾപ്പിക്കുകയും വേണം. അതും ഉടൻ തന്നെ. കൺട്രോളറുടെ നിർദേശം **ക്ലൈമ്ബ്റ്റു ഫ്ലൈറ്റ്ലെവൽ ടു ഫോർ സീറോ (24000 ft)** എയർ ക്രാഫ്റ്റ് ന്റെ മറുപടി **"ക്ലൈമ്ബ്റ്റു" ഫ്ലൈറ്റ് ലെവൽ ത്രീ ഫോർ സീറോ (34000 ft)** എന്ന് കേട്ടാൽ ഒരപകടം ഉറപ്പ്. അതുകൊണ്ടാണ് കേട്ടതും മനസ്സിലാക്കിയതും 240 എന്നു തന്നെയാണെന്നറിയാനാണ് പൈലറ്റ് തിരിച്ചു പറയുന്നത്. ചിലപ്പോൾ തെറ്റ് കൺട്രോളറുടേതാവാനും സാധ്യതയുണ്ട്. തിരിച്ചു കേൾക്കുമ്പോളെങ്കിലും തിരുത്താൻ ഒരവസരംകൂടി കിട്ടുകയും ചെയ്യുന്നു. ഈ ഉണർവ് പകലും രാത്രിയിലും ഒക്കെ ഒരുപോലെ നിലനിർത്തുകയാണ് ഒരു കൺട്രോളറുടെ മുൻപിലുള്ള പ്രധാന വെല്ലുവിളി.



ഇതിനാലാണ് ഒരു ഡ്യൂട്ടി തുടർച്ചയായി രണ്ടുമണിക്കൂറിൽ കൂടുതലാകാതെ നിജപ്പെടുത്തിയിരിക്കുന്നത്. അമേരിക്കയിലും യൂറോപ്പ്യൻ രാജ്യങ്ങളിലും മറ്റും സാധാരണ ഒരു ജോലിയുടെ മൂന്നിരട്ടി ശമ്പളമാണ് എയർ ട്രാഫിക്ക് കൺട്രോളേഴ്സിന് കൊടുക്കുന്നത്. ഒരു രാജ്യത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ നിലനിൽപ്പിനു ചുക്കാൻപിടിക്കുന്ന വ്യോമയാനമേഖലയുടെ നട്ടെല്ലാണ് ഈ വ്യോമഗതാഗത നിയന്ത്രണം .

റോഡിൽ നാം കാറോടിക്കുമ്പോൾ മറ്റു വണ്ടികളെ കണ്ടിട്ടാണ് കൂട്ടിയിടി ഒഴിവാക്കുന്നത് . ആകാശത്തു വിമാനങ്ങളുടെ ഉയർന്ന വേഗത മൂലം ഇത് സാധിക്കുകയില്ല എന്നതാണ് വ്യോമഗതാഗത നിയന്ത്രണത്തിന്റെ പ്രസക്തി. സെക്കൻഡിൽ ഏകദേശം 650 മീറ്റർ വേഗത്തിലാണ് വിമാനങ്ങൾ അടുത്തുകൊണ്ടിരിക്കുന്നത്. ആകാശത്തിൽ വിമാനങ്ങൾ തമ്മിൽ കൂട്ടിയിടിക്കാതിരിക്കാൻ വിമാനങ്ങളെ ഉയരം കൊണ്ടോ ദിശമാറ്റിയോ ആണ് ഇത് സാധിക്കുന്നത്. ഉദാഹരണമായി കൊച്ചിയിൽ നിന്ന് മുംബൈയിലേക്ക് പോകുന്ന ഒരു വിമാനത്തിന് അവർക്കു യോജിച്ച ഉയരങ്ങളിലേക്കു (10000-14000 മീറ്റർ) പറന്നുയരാൻ ഏകദേശം 250 കിലോമീറ്റർ എങ്കിലും വേണം. ഈ വിമാനം പറന്നുയരുമ്പോൾ തന്നെ കൊച്ചിയിലേക്കും, കോഴിക്കോട്ടേയ്ക്കും, കണ്ണൂരേക്കും, മംഗലാപുരത്തേക്കും, ഗോവക്കും വരുകയും പോവുകയും ചെയ്യുന്ന ധാരാളം മറ്റു വിമാനങ്ങൾ ഉണ്ടാവും. ഇത് കൂടാതെ ദക്ഷിണേന്ത്യയുടെ മുകളിലൂടെ പോകുന്നർ ഇന്റർനാഷണൽ റൂട്ടുകളിൽ പറക്കുന്ന വിമാനങ്ങളും ഉണ്ടാവും. ഈ വിമാനങ്ങളെയെല്ലാം ഒഴിവാക്കിവേണം നമ്മുടെ വിമാനത്തിന് മുകളിലെത്താൻ . ഇന്ധനക്ഷമതക്കുവേണ്ടി വിമാനങ്ങൾക്ക് കഴിയാവുന്നത്ര കൂടുതൽ ഉയരങ്ങളിലേക്ക് കയറുകയും വേണം . ഇതിനുവേണ്ടിയും വിമാനങ്ങൾ കൂടുതൽ ഉയരത്തിലേക്ക് കയറാൻ ചോദിക്കാറുണ്ട്. ചിലപ്പോൾ ശക്തമായ കുലുക്കം വിമാനങ്ങൾക്ക് അനുഭവപ്പെടാറുണ്ട്. അങ്ങനെവന്നാൽ വിമാനം താഴേക്കിറങ്ങി കുലുക്കം കുറവുള്ള ഭാഗങ്ങളിലേക്ക് താഴുവാനും ചോദിക്കാറുണ്ട്. ചില സമയങ്ങളിൽ മറ്റു വിമാനങ്ങൾ കാരണം അനുവദിക്കാൻ കഴിയാതെയും വരും. കഴിഞ്ഞ മാസത്തിൽ ഒരു ദിവസം ഞാൻ ജോലിയിലുണ്ടായിരുന്ന രാത്രിയിൽ ഏതോ കിഴക്കൻ രാജ്യത്തു നിന്ന് ദുബായിലേക്ക് പറന്നു കൊണ്ടിരുന്ന എമിരേറ്റ്സിന്റെ വിമാനത്തിൽ ഒരു യാത്രികന് ഹൃദയാഘാതം ഉണ്ടാവുകയും വിമാനം അടിയന്തിരമായി കൊച്ചിയിലിറക്കാൻ അനുവാദം ചോദിക്കുകയും ഉണ്ടായി. ഈ വിമാനത്തെ ഒട്ടും താമസിപ്പിക്കാതെ ഇവിടെ ഇറക്കുകയും ചെയ്തു.

ചിലപ്പോൾ വിമാനങ്ങൾക്ക് യന്ത്രകരാറുമൂലവും അടിയന്തിരമായി ഇറക്കേണ്ടിവരും. ഈ അവസരങ്ങളിൽ മനഃസാന്നിധ്യം കൈവിടാതെ എത്രയും വേഗം പൈലറ്റിന് വേണ്ട സഹായങ്ങൾ ചെയ്തു, മറ്റു വിമാനങ്ങളെ ഈ വിമാനത്തിന്റെ പാതയിൽ നിന്ന് മാറ്റി കഴിയുന്നത്ര നേരത്തെ വിമാനത്തെ നിലത്തിറക്കുക ശ്രമകരമായ ഒരു ദൗത്യം തന്നെയാണ്. ചില കാർമേഘങ്ങൾക്കുള്ളിൽ ഐസ് കട്ടകളും ശക്തമായ വായുപ്രവാഹവും ഉള്ളതിനാൽ വിമാനം അതിനുള്ളിൽ കയറാറില്ല. കാലവർഷത്തിന്റെ സമയത്ത് വിമാനത്തിൽ സഞ്ചരിച്ചിട്ടുള്ളവർക്കു ഇത് നന്നായി മനസിലായിട്ടുണ്ടാവും. ഈ സമയങ്ങളിൽ വിമാനങ്ങൾ ദിശമാറി പറക്കാൻ അനുവാദം ചോദിക്കും. ആകാശത്തിന്റെ കുറച്ചു ഭാഗം മാത്രമേ വിമാനങ്ങൾക്ക് പറക്കാൻ പറ്റിയതായിട്ടുണ്ടാവും. എല്ലാ വിമാനങ്ങളും ഈ ഭാഗങ്ങളിലേക്ക്വരുകയും അവിടെ എല്ലാവരെയും ഉൾക്കൊള്ളിക്കാൻ വലിയ ബുദ്ധിമുട്ടായിത്തീരുകയും ചെയ്യും. ചിലപ്പോൾ 30-40 വിമാനങ്ങൾ വരെ ഒരു കോൺട്രോളറുടെ മേൽനോട്ടത്തിൽ ഉണ്ടാവും. ഒരിയ്ക്കൽ കേരളത്തിലെ തന്നെ വിമാനത്താവളത്തിൽ ഉണ്ടായ ഒരു സംഭവം പറയാം. റൺവേയിൽ അറ്റകുറ്റപ്പണി നടന്നതിന് ശേഷം റൺവേ തുറക്കുകയാണ്. ആദ്യം സിൽക്ക് എയർ ന്റെ ഒരു വിമാനത്തിന് ലാൻഡിംഗ് ക്ലിയറൻസ് കൊടുത്തു. റൺവേയിൽ നിന്നും വാഹനങ്ങളും ഉപകരണങ്ങളും സാധനങ്ങളും മാറ്റിയത് ഉത്തരവാദപ്പെട്ടവരിൽ നിന്നും ഉറപ്പു വരുത്തിയതിനു ശേഷമാണ് ലാൻഡിംഗ് അനുമതി നൽകിയത്. അതിനു ശേഷം റൺവേയിൽ എന്തോ അനങ്ങുന്നതു സംശയിച്ച കൺട്രോളർ അപ്പോൾ തന്നെ വിമാനത്തിന് ഗോ എറൗണ്ട് ( വീണ്ടും പൊങ്ങി പറക്കാൻ ) നിർദേശം നൽകി. തുടർന്ന് നടത്തിയ അടിയന്തിര അന്വേഷണത്തിൽ ഒരു ലോറി റൺവേയിലൂടെ ഓടുന്നതാണ് കണ്ടത്! അറ്റകുറ്റപ്പണിക്ക് വന്ന ഈ വാഹനം തിരിച്ചു പോകവേ വഴി തെറ്റി റൺവേയിൽ വീണ്ടും കയറിയതാണ് !! ഏതായാലും സമയോചിതമായ നിരീക്ഷണവും ഉചിതമായ തീരുമാനവും ഇരുനൂറോളം മനുഷ്യ ജീവനെ രക്ഷിച്ചു എന്ന് പറഞ്ഞാൽ മതിയല്ലോ. താത്പര്യമുള്ള ചെറുപ്പക്കാർക്കും ചെറുപ്പകാരികൾക്കും തിരഞ്ഞെടുക്കാവുന്ന ഒരു തൊഴിൽമേഖലയാണ് എയർ ട്രാഫിക് കൺട്രോൾ. എയർപോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്ന പൊതുമേഖല സ്ഥാപനമാണ് ഇന്ത്യയുടെ ആകാശത്ത് എയർ ട്രാഫിക് കൺട്രോൾ ചെയ്യുന്നത്.

ബിടെക് ഡിഗ്രി ഇൻ ഇലക്ട്രോണിക്സ് അല്ലെങ്കിൽ ഫിസിക്സിൽ ബിരുദാനന്തരബിരുദമാണ് യോഗ്യത. കൂടുതൽ വിവരങ്ങൾക്ക് ലേഖകനെ സമീപിക്കാവുന്നതുമാണ്

# ഇല്ലങ്ങളിലെ ഭാഷ

സി വി ശങ്കരൻ ചേലമറ്റത്തില്ലം

## ആചരിച്ചിരുന്ന ശുദ്ധാശുദ്ധങ്ങൾ

**അകശുദ്ധം :** പുറത്തിറങ്ങാതിരുന്നലുള്ള ശുദ്ധി
**എടശുദ്ധം:** ആഭിജാത്യം കുറഞ്ഞവരെയും ചെറിയ അശുദ്ധിയുള്ളവരെയും തൊട്ടാലുള്ള അശുദ്ധി
**ഇടശുദ്ധം:** എടശുദ്ധം വഴിശുദ്ധംവഴിയാത്ര ചെയ്താലുണ്ടാകുന്ന അശുദ്ധം
**പുറശുദ്ധം** (കാട്ടുശുദ്ധം) : പുറത്തുകൂടിനടന്നാലുണ്ടാകുന്ന അശുദ്ധി
**തേവാരശുദ്ധം :** കുളികഴിഞ്ഞ് മറ്റൊന്നും തൊടാതെ പൂജക്കുവേണ്ടിയിരിക്കുക. നിർമ്മാല്യം സ്പർശിക്കുന്നതുകൊണ്ട് ഇതൊരശുദ്ധിയുമാണ്. ഈ ശുദ്ധത്തിൽ പിതൃകർമ്മങ്ങൾ പാടില്ല.
**നിർമ്മാല്ല്യശുദ്ധം** : പൂജ കഴിയ്ക്കുമ്പോൾ തലേദിവസത്തെ പൂക്കളും പാത്രങ്ങളും മറ്റും തൊട്ടാലുള്ള അശുദ്ധി
**ചാത്തശുദ്ധം :** ഇത് അങ്ങേയറ്റത്തെ ശുദ്ധമാണ്. രാവിലെ കുളിച്ച് ചാത്തത്തിനുവേണ്ടതതൊക്കെ ഒരുക്കിക്കഴിഞ്ഞാൽ ബലിയിടുവാൻ വീണ്ടും കുളിക്കണം. അന്നു നനച്ച വസ്ത്രമെ ഉപയോഗിക്കാവൂ.അലക്കിയതോ കോടിയോ പോലും പാടില്ല.
**ബലിശുദ്ധം** : ചാത്തശുദ്ധം
**നായശുദ്ധം** (പട്ടിശുദ്ധം):പട്ടിയെ തൊട്ടലുള്ള അശുദ്ധി
**കുളിയാശുദ്ധം :** കുളിയ്ക്കാതിരുന്നലൂള്ളാശുദ്ധി കുളിച്ചവർ കുളിയ്ക്കാത്തവരെത്തൊട്ടാൽ ഈഅശുദ്ധി വ്യാപിക്കും
**കളിശുദ്ധം :**ചാത്തിരാങ്കം പോലുള്ളവലിയ കളികളിൽ ആൾത്തിരക്കു കൂടുന്നതുകൊണ്ടുണ്ടാകുന്ന അശുദ്ധി
**സത്രശുദ്ധം :** വലിയ അടിയന്തിരങ്ങളിൽ ആൾതിരക്കു കൂടുന്നതുകൊണ്ട് ശുദ്ധം പാലിക്കാൻ പറ്റാതെ വരും.ഇത്തരം അശുദ്ധത്തത്തിനു സത്രശുദ്ധം എന്നു പറയുന്നു.
**ദേഹണ്ഡശുദ്ധം :**വലിയ ദേഹണ്ഡങ്ങൾക്ക് രാത്രിയിൽ തന്നെ കിളിക്കുന്നതിനു മുമ്പെ പാചകം തുടങ്ങുന്നു.അതുകൊണ്ടുണ്ടാകുന്ന അശുദ്ധി.
**കലശുദ്ധം :** ഭക്ഷണം പാകം ചെയ്യുന്ന പാത്രം തൊട്ടാലുള്ള അശുദ്ധി
**മരപ്പാത്രശുദ്ധി:** അശുദ്ധിയായവർമരപ്പത്രം തൊടുകയോ അശുദ്ധവസ്തുക്കൾ എടുക്കുകയോ ചെയ്താലുള്ള അശുദ്ധി മരപ്പത്രം കഴുകിയല്ല ചെത്തിയാണ് അശുദ്ധി നീക്കുന്നത്.
**കിടക്കശുദ്ധം:** കുളി കഴിഞ്ഞാൽ പായ,കിടക്ക,വിരി മുതലായവ തൊട്ടാലുള്ള അശുദ്ധി
**എച്ചിൽശുദ്ധം:** ഭക്ഷണം കഴിച്ചതിന്റെ അവശിഷ്ടം കൊണ്ടുണ്ടാകുന്ന അശുദ്ധി, വായയ്ക്കകം സ്പർശിച്ചാലുണ്ടാകുന്ന അശുദ്ധി. വറ്റ് (ചോറ്)തൊട്ടാലുള്ള അശുദ്ധി. വറ്റു തൊട്ടാൽ കൈ കഴുകണം. എച്ചിലും വറ്റും എച്ചിലിന്റെ അശുദ്ധിയും വറ്റിന്റെ അശുദ്ധിയും
**ശവശുദ്ധം:** ശവം തൊട്ടാലുള്ള അശുദ്ധി ശുദ്ധമാകാൻ കുളിച്ച് പുണ്യാഹം ഏല്ക്കണം
**ദേഹശുദ്ധി:** കുളികഴിഞ്ഞ പൂജകൻ കരതലന്യസങ്ങളെക്കൊണ്ടും ദേഹശുദ്ധി വരുത്തുന്നു.
**ദ്രവ്യശുദ്ധി :**ദ്രവ്യങ്ങൾക്കു തട്ടുന്ന അശുദ്ധി നീക്കുന്ന പ്രക്രിയ..
**പ്രേതശുദ്ധി:** അശുദ്ധമായി മരിച്ചയാളുടെശവസംസ്കാരം ശുദ്ധിയാക്കുന്ന ക്രിയ
**കേട്ടുകുളി :** അമ്മവഴിക്കും പെൺമക്കൾവഴിക്കും സ്ത്രീപാരമ്പര്യമായിട്ടുള്ളവർ മരിച്ചെന്നു കേട്ടാലുണ്ടാകുന്ന അശൗചം. ഇതു നീങ്ങുന്നതിനു മരണം കേട്ടാലുടനെ കുളിച്ചാൽ മതിയാകും. പരിഷക്കുളി കേട്ടുകുളി

---

കവിത

# സ്വപ്നത്തിലെ കണ്ണൻ

**ഓമന അന്തർജനം**
**പൊതിയിൽ ഇല്ലം, ആണ്ടൂർ ശാഖ**

കാരുണ്യ മൂർത്തിയാം കാർവർണ്ണനുണ്ണിയെ
ഇന്നലെ നിദ്രയിൽക്കണ്ടുവല്ലോ
അംബുജനേത്രനാം സുന്ദരരൂപനെ
അംബുധിതന്നിൽ ശയിപ്പവനേ
മാമകമാനസവൃന്ദാവനത്തിലെ
ന്നാരോമലുണ്ണിയെക്കണ്ടുവല്ലോ
ചേണുറ്റമൗലിയിൽ മാലയും പീലിയും
ചേതോഹരമായിച്ചേർത്തുകൊണ്ട്
കുണ്ഡല ശോഭ തെളിയും കവിൾത്തടം
ചെഞ്ചുണ്ടിൽ മായാത്ത പുഞ്ചിരിയും
അളകങ്ങൾ നൃത്തം ചവിട്ടുന്ന നെറ്റിയിൽ
ഹരിചന്ദനക്കുറി തെളിയുന്നുണ്ട്
കണ്ണേറുകിട്ടാതെയമ്മ തൊടുവിച്ച
കരിമഷിപ്പൊട്ടൊന്നു കവിളിലുണ്ട്
ചാരുതചേർന്നൊരു കണ്ഠം പലവിധ
ഹാരങ്ങളാലെത്ര സുന്ദരശോഭിതം
മഞ്ഞപ്പട്ടൊന്നു ഞൊറിഞ്ഞുകുത്തി
അരമണി ഭംഗിയിൽ ചേർത്തിട്ടുണ്ട്
ലോകം മയക്കുന്ന ഗീതങ്ങൾ പാടും
ഓടക്കുഴലൊന്നരയിൽ വച്ചും
ചന്തമിയന്നൊരാരാക്കൈകളിൽ പൊൻവള
കാലിൽ കിലുങ്ങുന്ന പൊൻചിലമ്പ്
മുപ്പത്തുമുക്കോടി ദേവകൾ കുമ്പിടും
തൃക്കാലിണയല്ലോയെന്റെ പുണ്യം
കാണിയ്ക്കയർപ്പിയ്ക്കാൻ കണ്ണീരിതല്ലാതെ
മറ്റൊന്നുമില്ലെനിയ്ക്കെന്റെ കണ്ണാ
അണയാത്ത ദീപമായകതാരിലെന്നും
തെളിയണെ ഗുരുവായൂർമന്ദിരേശ



# മഹാകൈലാസയാത്ര

പി.വി.ലോകനാഥ്, പുതുശ്ശേരിഇല്ലം, ആണ്ടൂർ ശാഖ, 99468 05599

രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ വിസ കിട്ടിയേക്കുമെന്നും അതുവരെ കാട്മണ്ഡുവിൽ തങ്ങണമെന്നും ബസു അധികാരിയുടെ നിർദ്ദേശം. ഒരർത്ഥത്തിൽ ഞങ്ങൾക്ക് സാക്ഷാൽ പരമശിവന്റെ കടാക്ഷം ഉണ്ടായെന്ന് വിശ്വസിക്കണം. കാരണം ഇന്ന് കാലത്തുഇവിടെനിന്നു പുറപ്പെട്ട തമിഴ് തീർത്ഥാടകസംഘം ഇനി അതിർത്തിയിൽ കാത്തുകിടക്കണം. അവർക്കും വിസ കിട്ടിയില്ല. എത്ര ദിവസം വൈകുന്നുവോ അത്രയും ദിവസം അതിർത്തിയിൽ പെരുവഴിയിൽ വിശന്ന് തളർന്ന് കഴിയണം. ഞങ്ങൾക്കവിടെ സ്റ്റാർ ഹോട്ടലിൽ കഴിയാം. പശുപതിനാഥക്ഷേത്രം ഉൾപ്പെടെ കാട്മണ്ഡുവിലെ വിവിധ ക്ഷേത്രങ്ങൾ ദർശിക്കാം. ഫിലിം ഷൂട്ടിംഗ് നടന്ന സ്ഥലങ്ങൾ, ബുദ്ധവിഹാരങ്ങൾ തുടങ്ങി നിരവധി കാഴ്ചകൾ. വിരസത അനുഭവപ്പെടാത്ത വിഹരിയ്ക്കുവാനുള്ള വിഭവങ്ങൾ ഇവിടെയുണ്ട് ! എങ്കിലും കൈയെത്തും ദൂരത്തുനിന്ന് കൈയ്യെത്താദൂരത്തിലേയ്ക്ക് അകലുമ്പോഴുണ്ടാകുന്ന നിരാശ അന്നത്തെ ഉറക്കം കെടുത്തി. ഇനി ചൈന വിസ നിഷേധിച്ചാലുള്ള ദുരവസ്ഥയും നിർഭാഗ്യവും അസഹനീയമായ ഒരു നിരാശയ്ക്ക് വഴി വക്കുമെന്ന ഭയവും നിർനിദ്രയ്ക്ക് കാരണമായി.

നേപ്പാളിലെ വിവിധ കാഴ്ചകൾ കണ്ടും, ജീവിതസൗകര്യങ്ങളും പരിമിതികളും അറിഞ്ഞും അനുഭവിച്ചും രണ്ടു ദിവസങ്ങൾ അങ്ങനെ കഴിഞ്ഞു. ക്ഷേത്രങ്ങൾ കൊട്ടാരങ്ങൾ, ആചാരങ്ങൾ എന്നിവയൊക്കെ കണ്ടറിയുന്നതോടൊപ്പം നേപ്പാളിലെ രാഷ്ട്രീയ സാഹചര്യങ്ങളും മനസ്സിലാക്കാൻ കഴിയുന്നു. നേപ്പാളും ചൈനയുടെ നീരാളിപ്പിടുത്തത്തിലേയ്ക്ക് അനുദിനം പെട്ടുപോവുകയാണോയെന്ന് തോന്നിപ്പോകും വിധമാണ് സാഹചര്യങ്ങൾ. 2014 ൽ നേപ്പാളിൽ ഉണ്ടായ ഭൂകമ്പം രാജ്യത്തെ വല്ലാതെ ഉലച്ചുകളഞ്ഞു. ഭീമമായ നാശനഷ്ടങ്ങളുടെ കണക്കാണ് കാണാനും കേൾക്കാനും സാധിയ്ക്കുന്നത്. തകർന്നടിഞ്ഞ കൊട്ടാരങ്ങളും കോട്ടകൊത്തളങ്ങളും അക്കൂട്ടത്തിൽ പെടുന്നു. ഞങ്ങളുടെ ആദ്യ കൈലാസയാത്ര മുടങ്ങിപ്പോയതും ആ മഹാദുരന്തം മൂലമാണ്! ദുരന്തം വിതച്ച നേപ്പാളിന് ധനധാന്യസഹായങ്ങളും സൈന്യസേവനവും ആദ്യം വാഗ്ദാനം ചെയ്തതും ഭാരതമാണ്! മറ്റൊരു രാഷ്ട്രവും സഹായഹസ്തങ്ങൾ നീട്ടുന്നതിന് മുൻപുതന്നെ ഭാരതം സ്വതസിദ്ധമായ സംസ്കാരം കൊണ്ടും ഭരണ നേതൃത്വ പാടവം കൊണ്ടും നയതന്ത്രം ഊഷ്മളമാക്കിയത് നേപ്പാളിന് തുണയായി. എന്നാൽ ചില ദുഷ്ടശക്തികളുടെ അതിരുവിട്ട സ്വാധീന ശക്തിയും ദുഷ്ടലാക്കും കുരുട്ടു ബുദ്ധിയും ഉണർന്നു പ്രവർത്തിക്കയാൽ ഭാരതത്തിന്റെ സേവനങ്ങൾ നേപ്പാളിലെ ഭൂരിഭാഗം ജനങ്ങളും അറിഞ്ഞതേയില്ല. കിട്ടാവുന്ന സഹായങ്ങളെല്ലാം അവർ വാങ്ങിക്കൂട്ടി പ്രയോജനപ്പെടുത്തി. എന്നാൽ എല്ലാ മാധ്യമങ്ങളും ഭാരതത്തിന്റെ സഹായങ്ങൾ തമസ്ക്കരിച്ചു. ജനങ്ങളറിഞ്ഞത് ചൈന ഉൾപ്പെടെയുള്ള മറ്റു രാഷ്ട്രങ്ങളുടെ സഹായം മാത്രം. അതാവട്ടെ ചൂണ്ടയിൽ കൊളുത്തിയ ഇരയാണെന്നു നേപ്പാളികൾ അറിഞ്ഞിട്ടുണ്ടാവില്ല.

ഭാരതസർക്കാരിനു ഭാരതത്തിലെ ചില സംസ്ഥാനങ്ങളിൽ നിന്നുതന്നെ ഇത്തരം അനുഭവങ്ങൾ ഉണ്ടാകാറുണ്ടല്ലോ. ഫ്രണ്ട്ഷിപ്പ് ബ്രിഡ്ജിലെത്തുമ്പോഴേയ്ക്കും വിസ കിട്ടുമെന്നുള്ള ശുഭ പ്രതീക്ഷയോടെ ജൂൺ 27-ാം തീയതി വെളുപ്പിന് 2 മണിയോടെ യാത്ര പുനരാരംഭിക്കുവാൻ തീരുമാനിച്ചു. ഇതിനിടെ നാട്ടിൽ നിന്നും ചിലർ വിളിച്ചുചോദിക്കുന്നു; നിങ്ങൾ എവിടെയെത്തി? എവിടെയെങ്കിലും കുടുങ്ങിയോ? മാധ്യമറിപ്പോർട്ടുകൾ വരുന്നുണ്ടത്രേ! പ്രതികൂലകാലാവസ്ഥയിൽ പല യാത്ര സംഘങ്ങളും ദുരിതത്തിൽ. ഒരു അന്തർജനമുൾപ്പെടെ രണ്ടുമൂന്നു പേർക്ക് തീർത്ഥയാത്ര അന്ത്യയാത്രയായെന്നും നാട്ടിലുള്ള ബന്ധുജനങ്ങൾ ആശങ്കയിലാണെന്നും അറിയുന്നു. നാട്ടിൽ നിന്നുള്ള ഫോൺ കോളുകളിൽ നിന്നാണ് ഈ ദുരന്തവാർത്ത ഞങ്ങൾ അറിയുന്നത്! ടീം ക്യാപ്റ്റനോടും ടച്ച് കൈലാസിനോടും വിവരങ്ങൾ അന്വേഷിച്ചപ്പോൾ വാർത്തകൾ ശരിയാണെന്നും മറ്റൊരു റൂട്ടിലുള്ള തീർത്ഥാടകർക്കാണ് പ്രതിസന്ധി ഉണ്ടായിട്ടുള്ളതെന്നും അറിഞ്ഞു. നമുക്കത് ഒരുതരത്തിലും ബാധകമാവില്ലെന്നും അവർ അറിയിച്ചു. ചിദാനന്ദരൂപ: ശിവോഹം; ശിവോഹം എന്നു തന്നേ ജപിച്ചുകൊണ്ടു യാത്ര തുടർന്നു.

നിശ്ചയപ്രകാരം വെളുപ്പിന് രണ്ടു മണിക്കുതന്നെ ഞങ്ങൾ പുറപ്പെടാനൊരുങ്ങി. കഴിഞ്ഞ ദിവസങ്ങളിലൊന്നും കാണാത്ത പെരുമഴ. മൂന്നു ജീപ്പുകളിലായി ആ മഴയത്ത് ഞങ്ങൾ നേപ്പാൾടിബറ്റ് ബോർഡറിലേയ്ക്ക് യാത്രയായി. ദുർഘടം എന്നു പറഞ്ഞാൽ ഒന്നുമാവില്ല. അതിദുർഘടമായ പാത. പേമാരി; വാഹനങ്ങൾക്ക് ഇത്ര മെയ്വഴക്കമുണ്ടെന്ന് അറിഞ്ഞിട്ടില്ല. സമർത്ഥരായ സാരഥികൾക്ക് മാത്രമേ ഇങ്ങിനെ വാഹനങ്ങൾ നിയന്ത്രിച്ചു കൊണ്ടുപോകാൻ കഴിയൂ എന്നു അനുഭവിച്ചറിഞ്ഞു. അങ്ങനെ ഉച്ചയ്ക്ക് 12 മണിയോടെ സംഘം എവിടെ ഫ്രണ്ട്ഷിപ്പ് ബ്രിഡ്ജിൽ എത്തി. വെളുപ്പിന് 2 മണിയ്ക്ക് കാത്മണ്ഡുവിൽ നിന്നും യാത്ര തിരിച്ചതാണ്. ഭക്ഷണമൊന്നും കഴിച്ചിട്ടില്ല. ചെക്പോസ്റ് കടക്കുവാനാണ് താൽപര്യപ്പെട്ടിരുന്നത്. ചെക്പോസ്റ് ഉദ്യോഗസ്ഥർക്ക് 1 മണി മുതൽ 2 മണിവരെയാണ് വിശ്രമസമയം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പക്ഷെ അവർ നേരത്തെ തന്നെ ഓഫീസ് അടച്ചു. അങ്ങനെ വിശന്ന് തളർന്ന് ഞങ്ങൾ ഇവിടെ; ഈ പാലത്തിൽ ഇരുപ്പാണ്. ഇതിനിടെ ഞങ്ങളെ വളരെ വിഷമിപ്പിച്ചു മറ്റൊരു കാഴ്ച. അന്ന് കാത്മണ്ഡുവിൽ നിന്ന് തിരിച്ച തമിഴ് തീർത്ഥയാത്ര സംഘം ഇപ്പോഴും വിസകിട്ടാതെ അതിർത്തികടക്കാൻ കഴിയാതെ ഇവിടെ കുടുങ്ങികിടപ്പാണ്. അവർ അനുഭവിയ്ക്കുന്ന ബുദ്ധിമുട്ട് കഠിനം തന്നെ. കയ്യിൽ സൂക്ഷിച്ചിരിക്കുന്ന വെള്ളവും ബിസ്ക്കറ്റുമൊക്കെയായി സമയം തള്ളി നീക്കിക്കൊണ്ടിരിക്കുകയാണ് ഞങ്ങൾ. (തുടരും )

# സമസ്യാപൂരണങ്ങൾ

**അനീതികൊണ്ടടക്കിവച്ച രാജ്യവും ധനങ്ങളും**
**തിരിച്ചു നേടുവാനുറച്ചു യുദ്ധഭൂവിലെത്തവേ**
**ഗുരുക്കളും പിതൃക്കളും എതിർത്തു മുന്നിൽ നില്ക്കയാൽ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും**

: **കെ. എൻ. ബി. ശർമ്മ , കല്ലാർവേലി ഇല്ലം , വെമ്പള്ളി**

**തനിക്കു തോന്നിടുന്നപോലെയാവണം ജനങ്ങളാം**
**ശശങ്ങളെന്നു തോന്നിടുന്ന മൂഢരോടെതിർക്കുവാൻ**
**തകർന്നിടുന്ന ശാന്തി വീണ്ടെടുത്തിടാനുമായ് സദാ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും**

: **കെ. എസ്. ഉണ്ണികൃഷ്ണൻ**, കീശ്ശേരി ഇല്ലം,
കൈതാരം പി. ഓ. നോർത്ത് പറവൂർ

**ജനാധിപത്യമിങ്ങഴിഞ്ഞനാഥപഥ്യമാകവേ**
**സനാതനത്വ മൂല്യമിങ്ങനാചാരിക്കലാകവേ**
**അനീതികണ്ടിരിക്കുവാനശക്തരായിരിയ്ക്കയാൽ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും**

: രാജീവ് പി. പാണാട്ടില്ലം (ആലുവ ശാഖാ)

**വിനീതരായ ശിഷ്യർ ചൊന്ന വ്യാജവാർത്ത കേട്ടുടൻ**
**മനസുതേങ്ങി യുദ്ധഭൂവിൽ വീണുപോയ ദ്രോണരേ**
**നിനച്ചു പാണ്ഡുനന്ദനർ കഥിച്ചു കൃഷ്ണനോടിതാ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും.**

: **ഗിരിജ എൻ. നമ്പൂതിരി**, വടുതലായിൽ ഇല്ലം,
കുടക്കച്ചിറ

**ജനിച്ചതായ തെറ്റിനുള്ള ശിക്ഷപോലെ ജീവിതം**
**ഹനിച്ചു വർണ്ണ പേരു ചൊല്ലി, നാടുവാണ ധാർഷ്ട്യരാം**
**ജനാധിപർക്കു തക്കതായ സൂചനാർത്ഥമായിതാ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും**

: **പി. എൻ. വാസുദേവൻ ഇളയത്,**
**വാളമറ്റത്തില്ലം, കോതമംഗലം**

**തമോഗുണപ്രധാനമായ ശീലമാർന്ന നിങ്ങൾ തൻ**
**മനോനിലക്കു മാറ്റമായ ചിന്ത വന്നുദിച്ചിടാൻ**
**മഹേശ നിൻ കൃപാകടാക്ഷ വീക്ഷണേന നന്മയിൽ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും**

**എസ്. എം . നെടുമ്പിള്ളി , ആലുവ**

**അനീതിയെപ്പൊഴും കടന്നുവന്നിടുന്നു മേൽക്കുമേൽ**
**സുനീതി നല്കുവാനുമില്ല സ്ഥാനമാനമുള്ളവർ**
**ഘനീഭവിച്ച ദുഃഖഭാരമൊക്കെയങ്ങു മാറ്റുവാൻ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും**

: **അപ്പു, കരിയ്ക്കാട്ട്**, കരിയ്ക്കാട്ടിൽ ഇല്ലം, ചേർത്തല

**വിനാശഹേതുവായ, വില്ലുമാറ്റിവച്ചുദാരമാം**
**വികാരമാ, മഹിംസയാണ് ലോകനന്മയേകുവാൻ**
**വിരാജമാനശക്തിയെന്നറിഞ്ഞു, ഗാന്ധിജീപദം**
**വിനീതരായ് വണങ്ങി വിൽ, എടുത്തിടുന്നു ഞങ്ങളും**

: **ടി. എൻ. എൻ. ഇളയത്,**
മുൻ കേന്ദ്ര ജോയിൻറ് സെക്രട്ടറി, എം.ബി.. എസ്

**സമസ്യാകാരന്റെ പൂരണം**

**അനീതികൾ പടുത്തെടുത്ത കോട്ടകൾ പൊടിച്ചിടാൻ**
**അനാരതം രണാങ്കണേ നിറഞ്ഞ വീര സാരഥീ**
**സനാതനം ജനാർദ്ദനാ തെളിച്ച കർമ്മനീതികൾ**
**വിനീതരായ് വണങ്ങി വില്ലെടുത്തിടുന്നു ഞങ്ങളും**

**ഹരികുമാർ, പാണാട്ടില്ലം , കുറിച്ചിത്താനം**

**സമസ്യാപൂരണം അയച്ച എല്ലാ കവികൾക്കും**
**ബ്രഹ്മശ്രീയുടെ അഭിനന്ദനങ്ങളും നന്ദിയും .**
**തുടർന്നും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്**

**അടുത്ത സമസ്യ**

**'ശ്രീകൃഷ്ണപാദകമലം ശരണം സദാ മേ'**

**വൃത്തം: വസന്തതിലകം**
**ലക്ഷണം : ചൊല്ലാം വസന്ത തിലകം തഭജം ജഗംഗം**
**അയച്ചുകിട്ടേണ്ട അവസാന തീയതി : ഏപ്രിൽ 15**
**സാധാരണ തപാലിലോ ബ്രഹ്മശ്രീയുടെ**
**ഇമെയിൽ വിലാസത്തിലോ, ചീഫ് എഡിറ്ററുടെ**
**whatsapp നമ്പറിലോ അയക്കാം.**

## പൂന്താന ദിനം

2019 മാർച്ച് 10 ന് പൂന്താനദിനം സമുചിതമായി ആഘോഷിക്കുവാൻ MBS കേന്ദ്രസമിതി തീരുമാനം എടുത്തിട്ടുണ്ട്. രാവിലെ 10 മണിമുതൽ കോട്ടയം MBS ശതാഭിഷേക ഹാളിലാണ് സമ്മേളനം. പൂന്താനം കൃതികൾ ആലപിച്ചു കൊണ്ടുള്ള സംഗീതാർച്ചനയും ജ്ഞാനപ്പാനയെ അടിസ്ഥാനമാക്കി ശ്രീമതി അമ്പിളി താമരശ്ശേരിയുടെ പ്രഭാഷണവുമാണ് ഇതോടനുബന്ധിച്ചുള്ള പ്രധാന പരിപാടികൾ. അന്നേ ദിവസം തന്നെ, യശഃശരീരനായ മുൻ ജനറൽ സെക്രട്ടറി ബ്രഹ്മശ്രീ സി എസ് ഉണ്ണിക്കൃഷ്ണൻെറ ഛായാചിത്രം ശതാഭിഷേകഹാളിൽ അനാച്ഛാദനം ചെയ്യുന്നതാണ്. കോട്ടയം ജില്ലാ കമ്മിറ്റി ഓഫീസിൻെറ ഔപചാരിക ഉദ്ഘാടനവും അന്നേദിവസം നിർവ്വഹിക്കപ്പെടും. കേന്ദ്രഭാരവാഹികളും വിവിധ ജില്ലാ ശാഖാ ഭാരവാഹികളും ശാഖാംഗങ്ങളും പങ്കെടുക്കുന്ന പ്രസ്തുതചടങ്ങിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

**റ്റി. വി. നാരായണ ശർമ്മ**
MBS കേന്ദ്ര പ്രസിഡണ്ട്

# 2-ാം ശ്രാദ്ധദിനം

03-02-2019



# രുഗ്മിണി അന്തർജ്ജനം

**കോൽകുഴി ഇല്ലം, കപ്രശ്ശേരി, നെടുമ്പാശ്ശേരി പി.ഒ., ആലുവ**

**"അണയാത്ത ദീപം പോലെ**
**അമ്മയുടെ രൂപം ഞങ്ങളിൽ പ്രകാശിക്കുന്നു."**

മക്കൾ : എൻ.മനോഹരൻ ഇളയത് | എൻ. കേശവദാസ് ഇളയത് | എൻ.രഘുനാഥൻ ഇളയത്

മരുമക്കൾ : സുഷമ അന്തർജ്ജനം (ചെമ്പുക്കാട്ട് ഇല്ലം) | സിനി അന്തർജ്ജനം (പുതുമന ഇല്ലം)

പേരക്കുട്ടികൾ: വിഷ്ണുപ്രസാദ് | ശ്രുതി | ഉത്തരാദേവി | കൃഷ്ണപ്രിയ



## വിവാഹം

### അഞ്ജലിശർമ്മ & ശ്രീകേശ്

വൈക്കം കടമ്പനാട് ഇല്ലത്ത് അപ്പുകുട്ടശർമ്മയുടെയും സുമയുടെയും പുത്രി അഞ്ജലിശർമ്മയും കൊട്ടാരക്കര ഈറ്റശ്ശേരി മഠത്തിൽ പരേതനായ മുരളീധരൻ നമ്പൂതിരിയുടെയും മിനി അന്തർജ്ജനത്തിന്റെയും പുത്രൻ ശ്രീകേശും തമ്മിലുള്ള വേളി 2019 ജനുവരി 20ന് വൈക്കം എൻ എസ് എസ് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു.



## വിവാഹം

### ഹേമന്ത് കുമാർ & ശരണ്യ

തൃശ്ശൂർ നെടുന്തോളില്ലത്തു ദാമോദരൻ ഇളയതിന്റെയും സതി അന്തർജ്ജനത്തിന്റെയും മകൻ ഹേമന്ത് കുമാറും ആലപ്പുഴ പച്ചംക്കുളത്തില്ലത്തു ശേഷൻ പോറ്റിയുടെയും സുമ അന്തർജ്ജനത്തിന്റെയും മകൾ ശരണ്യയും തമ്മിലുള്ള വേളി 2019 ജനുവരി 26 നു ഓച്ചിറ എം ജി ഹാളിൽ വച്ചു നടന്നു



### ഒന്നാം പിറന്നാൾ
### അലിവേണി രാകേഷ്

2019 ഫെബ്രുവരി 21ന് ഒന്നാം പിറന്നാൾ ആഘോഷിച്ച അലിവേണി രാകേഷ്. തൃപ്പൂണിത്തുറ മേച്ചേരിൽ ഇല്ലത്ത് (രാജ്ഭവൻ) രാകേഷ് കേശവൻ-ശ്രീവിദ്യ കേശവൻ ദമ്പതികളുടെ പുത്രിയാണ്.



### ഉപനയനം
### കിരൺദേവ്

പാലക്കാട് ശ്രീകൃഷ്ണപുരം വലമ്പിലിമംഗലം മാളിയേക്കൽ ഇല്ലത്ത് (നന്ദനം) ബ്രഹ്മശ്രീ ഹരികൃഷ്ണ ശർമ്മയുടേയും മായയുടേയും പുത്രൻ കിരൺദേവിന്റെ ഉപനയനവും സമാവർത്തനവും 24/02/2019ൽ ഇല്ലത്ത് വച്ച് നടന്നു.



## അന്നപ്രാശം

### നിരഞ്ജന(ദേവൂട്ടി)

പന്തളം വെണ്മണി തേവലശ്ശേരി പടിഞ്ഞാറ്റിടത്ത് (പാറേത്തില്ലത്ത്) ഡോ. മുരളീധരൻ നമ്പൂതിരിയുടെയും ഡോ. ദേവകി ദേവിയുടെയും പൗത്രിയും സഞ്ജയ് നീരജ ദമ്പതികളുടെ മകളുമായ നിരഞ്ജന(ദേവൂട്ടി) യുടെ അന്നപ്രാശം 2019 ഫെബ്രുവരി 3 ന് സ്വവസതിയിൽ വച്ച് സമംഗളം നടന്നു.



## വിവാഹം

### പ്രദീപ് & ഐശ്വര്യ

കിടങ്ങൂർ ചിറ്റേഴത്തില്ലത്ത് (ശ്രീചിത്രിത) സി.കെ.പരമേശ്വരന്റെയും ഉമാദേവിയുടെയും മകൻ പ്രദീപും ചെന്നൈ ശ്രീനിവാസ നഗറിൽ ലഫ്റ്റ. കേണൽ ശങ്കരനാരായണന്റെയും വനജാക്ഷിയുടേയും മകൾ ഐശ്വര്യയും തമ്മിലുള്ള വിവാഹം 2019 ജനുവരി 27-ാം തീയതി ചെന്നൈ ബ്ലൂലഗൂൺ ബീച്ച് റിസോർട്ടിൽ വച്ച് നടന്നു.

# നേതൃത്വ പരിശീലനം കേന്ദ്ര ഓഫീസിൽ

23rd & 24th Feb. 2019



















































### ജന്മദിനം
## കൃഷ്ണദേവ് & കൃഷ്ണദത്ത്

തൃശ്ശൂർ തിരൂർ കിഴക്കേടത്ത് ഇല്ലത്ത് കൃഷ്ണദാസിന്റെയും കൃഷ്ണപ്രിയയുടേയും മക്കളായ കൃഷ്ണദേവിനും (10), കൃഷ്ണദത്തിനും (5) ജന്മദിനാശംസകൾ



### അന്നപ്രാശം
## വേദിക ഗിരീഷ്

വേഴവേലി ഇല്ലത്തെ ഗിരീഷ് നമ്പൂതിരിയുടെയും ശ്രുതി അന്തർജ്ജനത്തിന്റെയും പുത്രി വേദിക ഗിരീഷിന്റെ അന്നപ്രാശം 20th January 2019 ൽ പുളിക്കമാലി വേഴവേലി ഇല്ലത്തു വെച്ച് നടന്നു



### അന്നപ്രാശം
## ശിവദത്ത്

കോട്ടയം കോത്തല ശാഖ ചിറമംഗലത്ത് ഇല്ലത്ത് (ശ്രീരംഗം) സി.എൻ. പുരുഷോത്തമന്റെയും, ഉഷാമണിയുടെയും പൗത്രൻ (ഗീതാകൃഷ്ണന്റെയും അശ്വതിയുടെയും പുത്രൻ) ശിവദത്തിന്റെ അന്നപ്രാശം 27.01. 2019 ന് ഇല്ലത്ത് വച്ച് നടന്നു.



## 48–ാം വിവാഹവാർഷികം
## പ്രൊഫ.കെ.ബാലചന്ദ്ര ശർമ്മ & ശ്യാമളാ ദേവി.

ആശംസകളോടെ,
**അജിത്,സീമ ,ഹൃഷികേശ്, ഹരികേശ് & അതുൽ, വന്ദന, നിഹാരിക, നയന്തിക**



## 28–ാം വിവാഹവാർഷികം

മാങ്ങോട്ടശേരി മനയിൽ നാരായണൻ നമ്പൂതിരിയും മായ നാരായണനും ഇക്കഴിഞ്ഞ ജനുവരി 27 ന് 28–ാം വിവാഹ വാർഷികം ആഘോഷിച്ചു.




## 20–ാം വിവാഹവാർഷികം


ഈ കഴിഞ്ഞ 2018 നവംബർ 15ന് 20–ാമത് വിവാഹ വാർഷികം ആഘോഷിച്ച ആലുവ ശാഖാ കുട്ടമശ്ശേരി കുഴുപ്പിള്ളി ഇല്ലത്ത് കെ.ശ്രീമണി നമ്പൂതിരിയും സഹധർമ്മിണി ബിന്ദുവും



**സുധീന്ദ്ര ശർമ്മ**
അച്ഛൻ തൈയിൽ മഠം
(വൈലപ്പള്ളി ഇല്ലം )
Date Of Birth: 23- 04- 1948
Date Of Death: 05 01- 2019



**കെ. നാരായണൻ ഇളയത്**
(Chandran), (Ex. Brahmasree Editor) Valiyamangalath Illam, Koovappady
Date Of Death: 13-01-2019



**വി.എൻ. നാരായണൻ ഇളയത്**
വലമ്പിരിമംഗലത്ത് ഇല്ലം, മേതല പെരുമ്പാവൂർ (24 - 1 - 19 ന് വിഷ്ണു പാദം പൂകി)



**നാരായണൻ നമ്പൂതിരി**
തുരുത്തിയിൽ ഇല്ലം, ആണ്ടൂർ
ഒന്നാം ശ്രാദ്ധദിനം
13–02–2019

സ്നേഹത്തിനില്ല മൃതിയിന്നതുമല്ലതിന്റെ
മാഹാത്മ്യമത്ഭുതവുമാണ് സഖേയതല്ലീ
ദേഹം വെടിഞ്ഞ കഥ താനറിയാതെ ഹൃത്താം
ഗേഹത്തിലിന്നുമവർ പുഞ്ചിരി തൂകി നിൽപ്പൂ

*കുമാരനാശാൻ*



**ഗൗരി അന്തർജ്ജനം**
ഒന്നാം ശ്രാദ്ധദിനം 10–04–2019)
കൊറ്റനാട്ട് വലിയമംഗലത്തില്ലത്ത് പരേതനായ ശ്രീ ത്രിവിക്രമൻ ഇളയതിന്റെ സഹധർമ്മിണി



**വി.എൻ. ശേഖരൻ ഇളയത്**
വലംപിരിമംഗലത്തില്ലം
മുടക്കുഴ
Date Of Death: 17-01- 2019



**കെ.വാസുദേവൻ ഇളയത്**
പാണാട്ടില്ലം പെരുമ്പാവൂർ
Date Of Death: 24-10- 2018



**പാർവ്വതി അന്തർജ്ജനം**
വഴുതനപ്പള്ളി ഇല്ലം, എരമല്ലൂർ
(2019 ജനുവരി 10ന് വിഷ്ണുപാദം പൂകി)

## പദപ്രശ്നം 2

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | 3 | | | |
| | | ■ | | 4 | 5 | |
| 6 | | | 7 | | | 8 |
| | | ■ | | | | |
| | 9 | | | | | |
| 10 | 11 | | | | | |
| 12 | | | | | | |

**വലത്തോട്ട്**

1.ഈ രാഗത്തിൽ ഗാനമാലപിച്ച സംഗീതജ്ഞർ മഴ പെയ്യിച്ചിട്ടുണ്ട് (7 അക്ഷരം)
4.ഇത്തരം വാഴയുടെ പഴത്തിന് അനേകം ഔഷധഗുണങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു.(3 അക്ഷരം)
6.എല്ലില്ലാത്ത ഈ അവയവമാണ് പല കുഴപ്പങ്ങൾക്കും കാരണം (3 അക്ഷരം)
7. നമ്പൂതിരിമാരുടെ വിവാഹം (2 അക്ഷരം)
9. ഭൂമിയെ ജലത്തിനടിയിൽ നിന്നും രക്ഷിച്ച ദേവനിയോഗം (6 അക്ഷരം)
11. ദ്വിജനായാൽ ഇതു ചെയ്യണം (5 അക്ഷരം)
12. ജനങ്ങൾക്ക് അധീനരായ ഭരണ സംവിധാനം (7 അക്ഷരം)

**താഴോട്ട്**

1. പദ്യരൂപത്തിലുള്ള സംസ്കൃത നിഘണ്ടു(5 അക്ഷരം)
2. മരിച്ചവരെ ജീവിപ്പിക്കുന്ന ഔഷധം(6 അക്ഷരം)
3. ഒഴിവാക്കാമായിരുന്ന ശല്യം(4 അക്ഷരം)
4. മറ്റുള്ളവരുടെ ഇഷ്ടത്തിനനുസരിച്ച് പ്രവർത്തിക്കുന്ന ആൾ( 4 അക്ഷരം)
5. യജ്ഞപുരുഷന്റെ ഭാര്യയായ ഇവർക്ക് ദാനം നൽകിയാലേ കർമ്മങ്ങൾക്ക് പൂർണ്ണ ഫലസിദ്ധിയുണ്ടാകൂ ( 3 അക്ഷരം)
8. ആലിംഗനം (5 അക്ഷരം)
10. ഈ വാർത്തയെ വിശ്വസിക്കരുത്

Name........................................................................................................

Address....................................................................................................

Email.......................................................................Mob:..................................................

**അയച്ചുകിട്ടേണ്ട അവസാന തീയതി ഏപ്രിൽ 15**

---

**പദപ്രശ്നം 1 :** ശരിയുത്തരം അയച്ചവരുടെ പേരുകൾ

1. **ഗിരിജ എൻ. നമ്പൂതിരി,**
   വടുതലായിൽ ഇല്ലം, കുടക്കച്ചിറ
2. **ഹരി ശർമ്മ,**
   പറഞ്ചിക്കാട്ടില്ലം, ആണ്ടൂർ
3. **നന്ദകുമാരി കെ.എൻ.,**
   തരംഗിണി, ശൂരനാട്, ഓച്ചിറ
4. **ഗീത സി.കെ. ,**
   അപർണ വിദ്യാനഗർ, അയ്യന്തോൾ, തൃശ്ശൂർ
5. **വി. നാരായണൻ ഇളയത്,**
   പൂങ്കാവിൽ ഇല്ലം, ചമ്പക്കര
6. **ഗിരിജാദേവി എസ്.**
   കരിയ്ക്കാട്ടിൽ ഇല്ലം, മുട്ടത്തിപ്പറമ്പ്, ചേർത്തല
7. **ഹരികൃഷ്ണൻ കെ.എ.**
   കരിയ്ക്കാട്ടിൽ ഇല്ലം, മുട്ടത്തിപ്പറമ്പ്, ചേർത്തല
8. **ഗീത എൻ . ഇളയത്,**
   ചാഴിയിൽ ഇല്ലം, തലയോലപ്പറമ്പ്
9. **പ്രേമ ശ്രീകൃഷ്ണൻ,**
   ചെല്ലിശ്ശേരി ഇല്ലം, പൂവത്തൂർ.

**അൽപം ദുഷ്കരമായിരുന്ന ഈ പദപ്രശ്നത്തിന് ശരിയുത്തരം അയച്ച എല്ലാവർക്കും ബ്രഹമശ്രീയുടെ പ്രത്യേക അഭിനന്ദനങ്ങൾ.**

**പദപ്രശ്നം 1 : ശരിയുത്തരം**

| | | | | | | |
|---|---|---|---|---|---|---|
| 1 പ്ര | ണ | 5 വ | 11 പാ | ദ | 12 സ | രം |
| 2 ജ്ഞാ | 3 തി | ലം | 9 ഹ | 18 നു | മാ | ൻ |
| നം | ■ | 6 പി | 7 നാ | കം | ന്ത | ■ |
| 4 ബ്ര | ഷ് | രി | ളി | ■ | 13 രം | 14 ഭ |
| ഷ | ■ | ■ | 8 കേ | 15 ര | ളീ | യം |
| 10 സ്വ | യം | വ | രം | 16 വി | 17 ന | യം |

# വേളിയാലോചന

HOROSCOPE

| | | | |
|---|---|---|---|
| | | ഗു ബു | ര ശു |
| സ | ഗ്രഹനില 1164 മിഥുനം (2.20pm) | | കു മാ |
| | | | ശി |
| മ | | ച | ല |

**പുരുഷജാതകം**
ജനനം: 1989 ജൂൺ 16
നക്ഷത്രം: വിശാഖം
ശിഷ്ടദശ:വ്യാഴം 7-7-6
Education : B.A. M.A. (Doing)
ജോലി : HR Officer in Toyota
ഉയരം: 179 സെ.മി.
Ph: 9656557116

HOROSCOPE

| | | | |
|---|---|---|---|
| | കു മാ ല | ര ശു | ബു ശി |
| | പുരുഷ ജാതകം ഗ്രഹനില | | |
| മ | | | ഗു |
| സ | | ച | |

1992 ജൂൺ 12 (ചോതി)

**പുരുഷജാതകം**
ശിഷ്ടദശ:വ്യാഴം 1-7-28
Education : M.Tech in Software Engineering
ജോലി : Software Professional
(Quest Global, Thiruvananthapuram)
ഉയരം: 168 സെ.മി.
9495372086, 9947040983
പ്രാചീന കുടുംബം, ഊരായ്മ ക്ഷേത്രം മുതലായ ചിട്ടവട്ടങ്ങളോട് പൊരുത്തപ്പെടുന്നവർക്കായി താല്പര്യം പ്രകടിപ്പിക്കുന്നു.

HOROSCOPE

| | | | |
|---|---|---|---|
| സാ | ഗു | മാ | |
| | പുരുഷ ജാതകം ഗ്രഹനില | | ല |
| | | | ശുകു രബു |
| | മ | ച | ശി |

**പുരുഷജാതകം**
ജനനം:1987 ഓഗസ്റ്റ് 30 ന് 3.55 AM
നക്ഷത്രം: ചോതി
ശിഷ്ടദശ: ശനി 1-8-29
Education- : B.Com Tally
Accountant in Private Sector
ഉയരം: 1 68 cm
Mob-: 9495059449

HOROSCOPE

| | | | |
|---|---|---|---|
| | കു | ഗു | |
| ര സ | പുരുഷ ജാതകം ഗ്രഹനില | | ച |
| ബു ശു | | | ശി |
| ല മ | | മാ | |

**പുരുഷജാതകം**
ജനനം:20/02/1989-3.00 AM
നക്ഷത്രം: ആയില്യം
ശിഷ്ടദശ: രാഹു 0-11-27
Education : B. Tech (CS)
Job: Technologist Infosys TVM
ഉയരം: 173 സെ.മി.
Mob: 8281637011

HOROSCOPE

| | | | |
|---|---|---|---|
| | കു | | ശു |
| | പുരുഷ ജാതകം ഗ്രഹനില | | ര ഗു ശിമാ |
| സ | | | ബു |
| ല മ | | | ച |

**പുരുഷജാതകം**
ജനനം: 28/07/1990 - 4.19 PM
നക്ഷത്രം: ചിത്തിര
ശിഷ്ടദശ: ചൊവ്വ 4-1-21
Education- : Bsc Physics
ഉയരം: 173 cm
Mob-: 944 7875147 , 940 0647454

HOROSCOPE

| | | | |
|---|---|---|---|
| ല ച | | ശി | |
| മ മാ | സ്ത്രീ ജാതകം ഗ്രഹനില | | |
| | | | |
| ര ശു കു | ബു സ | ഗു | |

**സ്ത്രീജാതകം**
ജനനം:22/12/1993-12.45 PM
നക്ഷത്രം: രേവതി (ശുദ്ധം)
ശിഷ്ടദശ: ബുധൻ 10-9-24
Education : M.Sc. Biotechnology
Job: Aurigenie Technologies, Bangalore
ഉയരം: 156 സെ.മി.
Mob: 9495234543, 04842740605
താൽപര്യം: ബാംഗ്ലൂരിൽ ജോലിയുള്ളവർ


ഹെൽത്ത് ഇൻഷുറൻസ് എടുക്കുവാൻ മറക്കരുത്. രോഗം വന്നതിന് ശേഷം ഇൻഷുറൻസ് ലഭിക്കുകയില്ല.

STAR Health Insurance — Personal & Caring — IRDA No. 129
The Health Insurance Specialist
Advisor: Code - BA0000258729

GREESHMA P NAIR
88482 06006
99611 52934





SREEKUMAR .K
Insurance Consultant
Chairman's Club Member
LIC — भारतीय जीवन बीमा निगम — LIFE INSURANCE CORPORATION OF INDIA
Agent Code:0917995
94472 58347, 82811 28347
Kaipally illam (H) , Plassanal P.O., Panackappalam
Pala, Kottayam - 686 579
Branch Office
Plassanal & Kottaramattom, Pala






SBI LIFE CANCER SUREKSHA
For More Details Contact:
ARUN KEECHERIL
Keecheril Illam(Nandanam)
Murikkumpuzha, Pala P O
Kottayam 686575
94468 46461





ഈ പേജിൽ പരസ്യം ചെയ്യുന്നതിന് ബന്ധപ്പെടുക - അരുൺ കീച്ചേരിൽ - 9446846461

കവിത

## ഗ്രാമരംഗം ഒരോർമ്മ മാത്രം

എൻ. എൻ. വിജയൻ, നെടുമ്പായില്ലം
കൂത്താട്ടുകുളം ശാഖ, 9496277472

രാജ്യത്തിന് ചൈതന്യം ഗ്രാമം പകരുന്നു
ഗ്രാമമീ നാടിനു ജീവനാഡി
രാഷ്ട്രപിതാവും മഹാകവികൾ ശാസ്ത്രജ്ഞർ
രാജ്യത്തിൻ നന്മ കൊതിപ്പവരെല്ലാം
ഐശ്വര്യദേവത നൃത്തമാടീടുന്ന
ഭൂവിന്റെ മാഹാത്മ്യമോതിടുന്നു.
നൈസർഗിക സൗന്ദര്യം തത്തിക്കളിക്കുന്ന
ഭൂവിഭാഗത്തിന്നു ഗ്രാമമെന്നാഖ്യ
കാപട്യം വഞ്ചനയും മായവുമില്ല
നേരെവാ നേരെപോയെന്നതുമാത്രം
ഈ വക മേന്മകൾ ദോഷമുണ്ടാക്കും
ചൂഷിതരായ് മാറുന്നു ഗ്രാമീണരെല്ലാം
നാഗരിക ജീവിതം പൊറുതിമുട്ടുമ്പോൾ
എവിടെയാവരഭയം തേടിടുന്നു.
ശുദ്ധജലം ശുദ്ധമാം വായുവും പരിശുദ്ധ
സ്നേഹത്താലാനന്ദവായ്പ്പുമെല്ലാം
നാഗരികജീവിതം വിറളിപിടിച്ചവ
രാസ്വദിയ്ക്കുന്നതുമെപ്രകാരം
പച്ചവിരിപ്പുവിരിച്ചനെല്പ്പാടവും
കൊച്ചോളം വിരിയിയ്ക്കും ചോലകളും
പൊന്നിൻ നിറം പൂണ്ട പാടങ്ങളിൽ
കൊയ്തുപാട്ടിന്റെ താളമലയടിയ്ക്കും
കേരളത്തനിയമെ വാഴ്ത്തും കഥകളി
കൂത്തും മുടിയേറ്റിൻ കാഹളവും
പരദേശങ്ങളിലെന്നും മാറ്റൊലികൊള്ളിയ്ക്കും
കലകളീ ഗ്രാമത്തിൻ ശൈലിയത്രേ
പുളിയിലക്കരമുണ്ടും നേരിയതും ചുറ്റുമാ
ഗ്രാമീണ കന്യയെ കണ്ടുവെന്നാൽ
പാപങ്ങളനവധി ചെയ്തവനെങ്കിലും
പാവനമാനസനായി മാറാം
ഇങ്ങിനെയുള്ളൊരു ഗ്രാമംരംഗം
നഗരമാക്കീടുവാനാണു മോഹം
ധർമ്മത്തിന് മൂല്യത്തിനു ശോഷണമത്രേ
പോഷണമാണിന്നധർമ്മത്തിനെങ്ങും
അതിവൃഷ്ടിയാനാവൃഷ്ടിയിതി ബാധ
ലോകത്തെയൊന്നായ് ഗ്രസിച്ചിരിപ്പൂ
മാവേലിനാടുവാണീടും കാല
മെന്നുള്ളതിന്നു സ്മരണമാത്രം.
സ്വസ്ഥതയുള്ളൊരു ഗ്രാമരംഗം
എന്നുള്ളതിനിമേലിലോർമ്മ മാത്രം.+

കവിത

# പ്രപഞ്ചഗാഥ

കെ.എൻ. നെടുവേലി, ചങ്ങനാശേരി 9497578380

രാജാധിപത്യ കിരീടം തട്ടി–
യെറിഞ്ഞിട്ടൊരു നവ ശബ്ദമുയർന്നു.. !
ജനാധിപത്യം ജനാധിപത്യം
ജനനന്മയ്ക്കു മഹത്വമിതേ..!

അതിനൊടുകൂടി പുതിയൊരുപ്രശ്നം
അന്നേ ബീജാങ്കുരമേകി
മർത്യനു സൗഹൃദ ഭാവിരചിക്കാൻ
സുഖ ദാനത്തിനു നേതാവാർ?

പാർട്ടികൾ പലതായ്, പിളരുകയായ്
മത്സരവേദികൾ ഒഴുകുകയായ്
മൃഗങ്ങൾ, പക്ഷികൾ, ചിഹ്നങ്ങൾ
മനുഷ്യരെവിടെന്നറിയാതായ്!

കവലയിൽ ഉയരും കൊടികൾ പറത്തി
കറൻസി നോട്ടുകൾ പൂങ്കാറ്റിൽ
ഹൃദയം നീറി മരിയ്ക്കും മാനവർ
ഉദയം കാണാൻ വെമ്പുമ്പോൾ
റോഡുകൾ, മതിലുകൾ ചായം പൂശി
ജീവന രക്തക്കണികകളാൽ.
'ഇലക്ഷൻ 'എന്നൊരു മന്ത്രം പാടി
കാറുകൾ. ലോറികൾ പാഞ്ഞപ്പോൾ
ഭരണം നേടി ഭാവി രചിക്കാൻ
നേതാക്കൻമാർക്കാവേശം.
ദാഹം തിങ്ങിയ 'കൃത്യ ' കൾ പോലെ
ജാഥകൾ വീഥിയിൽ നീങ്ങുന്നു!
വീട്ടിൽ, വാർഡിൽ, നാട്ടിൽ 'ഇലക്ഷൻ'
വയറെരിയുന്നതുമോർത്തില്ല

അടിപിടി, കൊള്ളകൾ, പീഢനമറുതകൾ
അലറിക്കലിയൊടണഞ്ഞിവിടെ.
രാഷ്ട്രീയക്കളിപെറ്റു പെരുക്കി
മർത്യപ്രാണനു ബലിത്തറയായ്.

ഈ ജനഭരണം ജനനാശത്തിനു,
വഴികൾ ഒരുക്കിനിരങ്ങുമ്പോൾ
പഴയൊരുകാലം സ്മൃതിയിൽതെല്ലിട,
മൗനപ്രഭയാൽ തെളിയുന്നു.!!!



## ആചാര്യോത്തംസ പുരസ്കാരം ശ്രീ റ്റി.വി.നാരായണശർമ്മയ്ക്ക്

അവാർഡീ ടീച്ചേഴ്സ് ഫെഡറേഷൻ സംസ്ഥാനകമ്മിറ്റിയുടെ ആചാര്യോത്തംസ പുരസ്കാരം നേടിയ മലയാളം ബ്രാഹ്മണസമാജം പ്രസിഡന്റ് ശ്രീ റ്റി.വി.നാരായണശർമ്മയ്ക്ക് സമാജാംഗങ്ങളുടെയും ബ്രഹ്മശ്രീയുടേയും അഭിനന്ദനങ്ങൾ. അർഹതയ്ക്ക് അംഗീകാരം ലഭിക്കുമ്പോൾ ആ പുരസ്കാരവും പുരസ്കൃതമാവുന്നു.

# മാറ്റൊലി

(പലരുടെയും അഭ്യർത്ഥന മാനിച്ച് ഈ പംക്തിയുടെ പേരിന് ഒരു ചെറിയ മാറ്റം. അല്ലെങ്കിലും ഒരു പേരിൽ എന്തിരിക്കുന്നു !! പത്രാധിപർ )

കെട്ടിലും മട്ടിലും പുത്തനാക്കി
കെട്ടുറപ്പോടെ പുറത്തിറക്കാൻ
ഒട്ടും മടിക്കാതെ നോക്കിടേണം
കൂട്ടരേ ബ്രാഹ്മണശ്രേഷ്ഠരേ നാം

**ഗിരിജ എൻ. നമ്പൂതിരി**
വടുതലായിൽ ഇല്ലം, ആണ്ടൂർ ശാഖ.

ബ്രഹ്മശ്രീയിൽ സമസ്യാപൂരണം പുനരാരംഭിച്ചതിൽ സന്തോഷം രേഖപ്പെടുത്തിക്കൊള്ളട്ടെ. കാവ്യരചനയുടെ ഒരുതരം അഭ്യാസക്കളരിയാണല്ലോ ഇത് . ആധുനികതയുടെയും അത്യന്താധുനികതയുടെയും ആടയാഭരണങ്ങൾ അണിയിച്ച് കവിതയുടെ മുഖശ്രീ തന്നെ അപ്രത്യക്ഷമായിരിക്കുന്ന ഇക്കാലത്തുണ്ട്. കാവ്യദേവതയ്ക്ക് ഒരു പുത്തനുണർവ് ഉണ്ടാകുവാൻ ഈ സംരംഭവും സഹായകമായിത്തീരട്ടെ എന്നാശിക്കാം . **വി.എൻ .വാസുദേവൻ ഇളയത്,**
വാളമറ്റത്തില്ലം, ഇഞ്ചൂർ, കോതമംഗലം.

കഴിഞ്ഞലക്കത്തിലെ സൃഷ്ടികളെല്ലാം വളരെ നന്നായി. പത്രസമ്മേളനത്തിന്റെ ഫോട്ടോ കളറിൽ ആയെങ്കിൽ കൂടുതൽ തകർത്തേനെ !! തിരുവനന്തപുരം ജില്ലാ വാർഷിക ഫോട്ടോകൾ അത്യുഗ്രം. ഫലം ഈശ്വരകൽപിതം എന്ന കവിത കാലികപ്രസക്തിയുള്ളതും സംഘടനയിൽ പ്രവർത്തിക്കുന്നവരെ ഇരുത്തി ചിന്തിപ്പിക്കുന്നതും രസിപ്പിക്കുന്നതും ആണ്. ചരമവാർത്ത പേജിൽ അഭിനന്ദനങ്ങൾ കൊടുക്കാതിരിക്കുക. **കെ.എസ്.ഡി . ഇളയത് ,**
സംസ്ഥാന ട്രെഷറർ.

ബ്രഹ്മശ്രീ വളരെ ഭംഗിയാകുന്നുണ്ട് കെട്ടിലും മട്ടിലും ശോഭനമായ ഭാവിആശംസിക്കുന്നു.

**ടി.എൻ .എൻ .ഇളയത് ,**
മുൻ കേന്ദ്ര ജോയിന്റ് സെക്രട്ടറി .

രൂപത്തിലും ഭാവത്തിലും ബ്രഹ്മശ്രീ നല്ല നിലവാരം പുലർത്തുന്നു. അഭിനന്ദനങ്ങൾ. ആപ്തവാക്യങ്ങൾ ഓരോ പേജിലും ഉൾക്കൊള്ളിച്ചത് വളരെ നന്നായി. തുടർന്നും ഇതുപോലെ ബ്രഹ്മശ്രീ ഇറക്കുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ .

**കൃഷ്ണശർമ്മ** ,തിരുവനന്തപുരം ,

(ഈ പംക്തിയിലൂടെയും ഫോണിൽ വിളിച്ചും അഭിനന്ദനങ്ങൾ അറിയിച്ച എല്ലാവർക്കും നന്ദി. ഈ നല്ല വാക്കുകളും അനുഗ്രഹങ്ങളും ബ്രഹ്മശ്രീയ്ക്കും എഴുത്തുകാർക്കും ഉത്തേജകവും വെളിച്ചവുമാകട്ടെ. കാവ്യദേവതയുടെ മുഖശ്രീ തിരിച്ചുകൊണ്ടുവരാനുള്ള നമ്മുടെ എളിയ പരിശ്രമങ്ങൾ എല്ലാ കാവ്യാസ്വാദകരുടെയും സഹകരണത്തോടെ തുടരാം. ചരമവാർത്തകൾക്കു മാത്രമായി ഒരു കളർ പേജ് മാറ്റി വയ്ക്കാൻ തത്ക്കാലം നിവൃത്തിയില്ലാത്തതുകൊണ്ടു ആ പേജിൽ മറ്റു ഫോട്ടോകളും കൊടുക്കേണ്ടി വരും.മരണം നമുക്ക് തൃണജളൂക ന്യായത്തിൽ ഒരു പൂർണ്ണവിരാമം അല്ലല്ലോ. വെറുമൊരു വസ്ത്രം മാറൽ മാത്രം!! ഇത് അങ്ങിനെ കണ്ടാൽ പോരേ!!!

പത്രാധിപസമിതി)

# സ്വർണ്ണത്ത് മന (മുഖചിത്രം)

ശ്രീ ശങ്കരാചാര്യ ചരിതത്തിന്റെ അടയാള ബാക്കികളിൽ ഒന്നാണ് സ്വർണ്ണത്ത് മന ; അഥവാ പുന്നോർക്കോട്ട് മന. 3 നടുമുറ്റങ്ങളോടെ 12 കെട്ടുകളുള്ള ഈ മനയ്ക്ക്.

എറണാകുളം ജില്ലയിലെ പട്ടിമറ്റത്തിനടുത്ത്, 'പഴന്തോട്ടം' ഗ്രാമത്തിൽ, 15 ഏക്കറോളം വരുന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. ഇപ്പോൾ കാണുന്ന മനയ്ക്ക് 250 വർഷത്തെ പഴക്കമുണ്ട്. പത്തായപ്പുരയ്ക്ക് 106 വർഷം പഴക്കവും. പത്തായപ്പുരയുടെ മുകളിലത്തെ നിലയിലേയ്ക്ക് പ്രവേശിക്കാനായി ഒരു നടപ്പാതയും നിർമ്മിച്ചിട്ടുണ്ട്. രണ്ടു വർഷം മുൻപ് വരെ ഈ മനയിൽ താമസിച്ചിരുന്ന, കാരണവർ സ്ഥാനത്തുള്ള ശ്രീ.നാരായണൻ നമ്പൂതിരിപ്പാടും കുടുംബവും ഇപ്പോൾ തൊട്ടടുത്ത് തന്നെയായി പുതിയ വീട്ടിലേയ്ക്ക് മാറി താമസിക്കുന്നു. ക്ഷേത്രസമാനമായ പവിത്രതയോടെ ഇവിടെ തേവാരപൂജ നടത്തിവരുന്നതിനാൽ സന്ദർശകരെ ഇതിനകത്തേയ്ക്ക് പ്രവേശിപ്പിക്കാറില്ല. AD - 788 - 820 കാലഘട്ടത്തിൽ ജീവിച്ചിരുന്നശ്രീശങ്കരാചാര്യർ സംന്യാസം സ്വീകരിച്ചതിന്റെ ഭാഗമായി ഭിക്ഷയാചിച്ച്, ഏറെ ദാരിദ്ര്യമനുഭവിച്ചിരുന്ന ഈ മനയിലെത്തുകയും ഇവിടുണ്ടായിരുന്ന അന്തർജ്ജനം ഇദ്ദേഹത്തിന് ഭിക്ഷ നൽകുവാൻ കഴിയാതെ സങ്കടപ്പെടുകയും, ഏറെ പരതിയശേഷം മനയിൽ നിന്നും ആകെ ലഭിച്ച ഒരു ഉണക്ക നെല്ലിയ്ക്ക ഇദ്ദേഹത്തിന് ഭിക്ഷയായി നൽകുകയും ചെയ്തു. ദാരിദ്ര്യവും,അന്തർജ്ജനത്തിന്റെ മനസ്സിന്റെ നന്മയും മനസ്സിലാക്കിയ ആദിശങ്കരൻ ആ മുറ്റത്തു വച്ചുതന്നെ ' കനകധാരാ സ്തോത്രം ' രചിക്കുകയും, അത് പൂർത്തിയായതോടെ മഹാലക്ഷ്മി ആ സ്ത്രീയുടെ മേൽ സ്വർണ്ണ നെല്ലിയ്ക്കകൾ വർഷിക്കുകയും ചെയ്തു എന്നാണ് ഐതിഹ്യം.

ഫോട്ടോയും വിവരങ്ങളും അയച്ചുതന്നത്
**കെ. ബാലചന്ദ്രശർമ്മ**
വൈസ് പ്രസിഡന്റ് മലയാള ബ്രാഹ്മണസമാജം

# പ്രണയം

കവിത

ഡോ.സേതുലക്ഷ്മി, 85928 67470

പ്രണയമേ നീയറിയാതിന്നു നിൻ പിറകേ
പതുമ്മി പതുമ്മി നടപ്പൂ ഞാൻ ..
ഓരിലക്കുമ്പിളിൽ നീ നീട്ടുമാ
പ്രേമതീർത്ഥം പതിയെയെൻ നാവിലിറ്റിക്കുവാൻ
വിറയാർന്ന കൈകളാൽ നീ തൊട്ട തുടു
സിന്ദൂരരേഖയെൻ നെറുകിൽ ചുവക്കുവാൻ..
നീ വച്ച കാലടിപ്പാടിൽ കരംതൊട്ടു ശിരസ്സിൽ
നിറച്ചു നിൻ പാതയെത്തേടുന്നു..
ഏതൊരിരുട്ടിൻ മറ തേടിയിന്നു
നീയെന്നെത്തിരഞ്ഞു വിഫലമലയുന്നു..
അരികിലിരമ്പുമെൻ സ്നേഹപാലാഴി പുൽകാതെ..
പിൻവിളികേൾക്കാതെ..അലസമൊഴുകുന്നു
ഏതോ കിനാവിൻ കനൽവഴി ചുട്ട നിൻ
പാദസരോരുഹമിടറിയൊരിക്കലാ..
പൂഴിമേൽ വന്നു നിപതിക്കുമാ..
നേരത്തു മുറുകെ നിൻ കരം കവർന്നീടുവാൻ....
പ്രണയമേ നീയറിയാതെയിന്നു നിൻ പിറകേ
പതുമ്മി പതുമ്മി നടപ്പു ഞാൻ.....

# ക്ഷേത്രദർശനം

കവിത

പ്രൊഫ: ശ്രീലകം വേണുഗോപാൽ 9447417725

അമ്മേ, നമ്മുടെയമ്പലത്തിലെവരും പാലിച്ചിടേണ്ടുന്നതാം
ധർമ്മാചാരമതൊക്കെയൊന്നു പറയൂയെന്നുള്ള ചോദ്യത്തിനായ്
ചെമ്മേയുത്തരമായതൊക്കെ വെളിവായൊന്നൊന്നു വേണ്ടുംവിധം
നിർമ്മായം പറയുന്നു, കാര്യമെവരും ശ്രദ്ധിക്കിലത്യുത്തമം
ക്ഷേത്രത്തിന്റെ മതിൽക്കലെത്തുമുടനേ കൈകൂപ്പി നീ ദേവതാ-
പാത്രത്തേയൊരു മാത്രയുള്ളിൽ മനനം ചെയ്തീടണം മൗനമായ്
അത്രയ്ക്കൊത്ത പതിത്രമായിയുയരേ കാണാം ധ്വജാഗ്രത്തിലായ്
ചിത്രം വിഗ്രഹവാഹനം വിനയമായ് ഭക്ത്യാ നമിച്ചീടണം
ദേവൻ ശംഭുവിനാണു നന്ദി, ഗരുഡൻ ശ്രീ വിഷ്ണുതൻ യാനമാം
ഏവം ശ്രീഗണനാഥനാണെലി, മയിൽ സ്കന്ദന്നുമീമട്ടു കേൾ
മൂങ്ങായാണു രമയ്ക്കു,ഹംസരഥിയായ് വാഴുന്നു വാഗീശ്വരി
എങ്ങും വാജിയിലയ്യനയ്യനവനും ദുർഗ്ഗയ്ക്കു സിംഹം, വരം!
ഓരോ ദേവനുമുു വാഹനമവയ്ക്കെല്ലാം വിശേഷത്തിലായ്
ഓരോ ധർമ്മവുമുണ്ടതോർത്തു മനനം ചെയ്തീടണം ഭക്തിയിൽ
നേരെ ദേവനുമുന്നിൽ മണ്ഡപമതിൽ കാണാം ഭവദ്വാഹനം,
നേരെതന്നെയതിന്നുമുന്നിൽ മറയായ് നിന്നാൽ മഹാനിന്ദയാം
നേരെ ക്ഷേത്രനടയ്ക്കലെത്തി നടയിൽ തൊട്ടൊന്നു വന്ദിച്ചിടൂ
പാരാതേ നിലകൊൾക സന്നിധിയതിന്നാചാരമോർത്തീടണം
ചേരുംമട്ടു വശത്തുനിന്നു തൊഴണം, നിൽക്കൊല്ല മദ്ധ്യത്തിലായ്
സാരം നിർവൃതി കൈവരുന്നു മിഴികകൾ പൂട്ടിബ്ഭജിച്ചീടണം
കൈകൾകൂപ്പി നടയ്ക്കൽ നിൽക്കെയിതു നാം നന്നായറിഞ്ഞീടണം
സ്വന്തം കൈവിരലൊക്കെയും പലവിധം ജ്ഞാനത്തെയോർപ്പിപ്പതായ്
അംഗുഷ്ഠത്തിനിതാത്മബോധമതുപോൽ ധാർഷ്ട്യത്തിനോ തർജ്ജിനി
ആത്മീയത്തിനു മദ്ധ്യമാംഗുലി, യടുത്തല്ലോ സ്നേഹാംഗുലി
ശ്രേഷ്ഠംതന്നെ കനിഷ്ഠമാം ചെറുവിരല്, ദേവന്നുപാന്തേ വരു-
ന്നൌന്നത്യം വിനയത്തിനാണതു നമുക്കെന്നെന്നുമേ നന്മയാം
തുഷ്ട്യാ പൂർവ്വികർ നമ്മളോടും വിവിധം സാരങ്ങളിമ്മട്ടിലാ-
യാചാരത്തൊടു ചേർത്തുവച്ചതവയും ചിത്തേ ഗ്രഹിച്ചീടണം
പിന്നീടാണു പ്രദക്ഷിണം മുറയതിന്നുണ്ടെന്നതോർത്തീടണം
മേലേ തന്നെ നടക്കണം കരതലം കൂപ്പീടണം സത്തമർ
ഒന്നും തന്നെയുരച്ചിടൊല്ലെ ഭഗവന്നാമം ജപിച്ചങ്ങനേ-
യെല്ലാമീശ്വരദാനമെന്നു മനസാ ചിന്തിക്കണം സൗഖ്യമാം
വിഘ്നേശന്നൊരു വട്ടമാം, ദിനകരന്നാണല്ലോ രണ്ടെന്നതും
മൂന്നാ ശങ്കരനെങ്കിൽ വിഷ്ണു, ഗിരിജാദേവിക്കുമോ നാലുതാൻ
അഞ്ചാണയ്യനു, സ്കന്ദനാറുവലവും ദുർഗ്ഗയ്ക്കുമാലിന്നുമി-
ന്നേഴാണുള്ള പ്രദക്ഷിണങ്ങളവയും നന്നായ് നടത്തീടണം
ഗൗരീശന്നു വലതുവയ്ക്കെയിതുമിന്നോർക്കേണമേ ബാഹ്യമാം
ഓവിൽകൂടൊഴുകുന്ന ഗംഗ, യതിനേ ഭക്ത്യാ നമിച്ചീടണം
ഓവിൽ മൂന്നിലടുത്തിടുന്ന സമയേ ചാടിക്കടക്കാതെ നാം
ഭംഗ്യാതന്നെ തിരിഞ്ഞുപോന്നു വലവും തീർത്തീടണം പൂർണ്ണമായ്
എന്നാലോർക്കുകകത്തൊരൊറ്റവലമേ വയ്ക്കേണ്ടു പിന്നുള്ളതോ
നന്നായ്തന്നെ പുറത്തുവന്നു വലവും ശേഷിച്ചതും ചെയ്യണം
നന്മയ്ക്കായുപവിഗ്രഹങ്ങൾ പലതും കാണുന്നവർ മുന്നിലും
വന്ദിച്ചീടണമെന്നതോർക്കയതിനാലൈശ്വര്യവും വന്നിടും
പിന്നീടൽപമിരുന്നിടുന്നതു നമുക്കാചാരമെന്നോർക്കണം
നന്നാം ഭൂതഗണങ്ങളൊക്കെയൊഴിവായ് പോവാനതും കാരണം
ഒന്നൂടൊന്നു നമിച്ചിടാം പുറമെയൊന്നെത്തുന്നനേരം നമു-
ക്കന്നേരം വരുമാത്മനിർവൃതിയതിൻ മാഹാത്മ്യമാപൂരമാം
വ്യക്തം നിങ്ങളിതോർത്തിടേണ്ട വരമാമാചാരമാണൊക്കെയും
ചിത്തേ ഭക്തി പെരുത്തവർക്കു നിതമാം സന്തോഷസംവർദ്ധനം
യുക്തം പോലെ പഠിച്ചുവച്ചു നിയമം തെറ്റാതെ പാലിക്കുകിൽ
നിത്യം നമ്മുടെ ജീവിതം നിറവെഴും സർവ്വേശ്വരാ! കൈതൊഴാം

**(അംഗുഷ്ഠം = തള്ളവിരൽ, തർജ്ജനി = ചൂണ്ടുവിരൽ, സ്നേഹാംഗുലി = മോതിരവിരൽ)**



**ഡോ.പി.സി.മുരളീമാധവൻ**

സംസ്കൃതഭാഷയ്ക്കു നൽകിയ സംഭാവനകൾ മുൻനിർത്തി രാഷ്ട്രപതിയുടെ പുരസ്കാരം നേടിയ **ഡോ. പി.സി.മുരളീമാധവൻ** സംസ്കൃത പണ്ഡിതനും ഗവേഷകനും കൂടിയായ ഇദ്ദേഹം ഇരുപത്തഞ്ചോളം പുസ്തകങ്ങളും നൂറിലധികം ഗവേഷണപ്രബന്ധങ്ങളും രചിച്ചിട്ടുണ്ട്. കാലടി സംസ്കൃത സർവ്വകലാശാല സിൻഡിക്കേറ്റ് അംഗമാണ്. കാലടി സംസ്കൃത സർവ്വകലാശാല, രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ ഗുരുവായൂർ ക്യാമ്പസ്, എന്നിവിടങ്ങളിൽ വകുപ്പ് മേധാവിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംസ്കൃതപണ്ഡിതൻ കാക്കശ്ശേരി മൈമ്പിള്ളി ഇല്ലത്തെ പ്രൊഫ. പി.സി.വാസുദേവൻ ഇളയതിന്റേയും പാർവ്വതി അന്തർജ്ജനത്തിന്റെയും മകനാണ്. സമാജാംഗങ്ങളുടേയും ബ്രഹ്മശ്രീയുടേയും അഭിനന്ദനങ്ങൾ

**FOR RENT**
3 BHK
Semi Furnished
Flat at Petta near
Thrippunithura.
Rent 20,000
Contact
**82811 08575**

## കേന്ദ്ര വാർത്തകൾ

MBS കേന്ദ്ര 31 അംഗ സമിതി 30122018 ന് പെരുമ്പാവൂർ പാണാട്ടില്ലത്ത് (ശ്രീമൂലം) കേന്ദ്ര പ്രസിഡന്റ് ശ്രീ T V നാരായണ ശർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. 'ബ്രഹ്മശ്രീ' യുടെ ചീഫ് എഡിറ്റർ ശ്രീ ഹരികുമാർ യോഗത്തിൽ പങ്കെടുക്കുകയും പുതിയ പത്രാധിപ സമിതിയുടെ മേൽനോട്ടത്തിൽ ആദ്യ ലക്കം ജനുവരി ആദ്യ വാരം പ്രസിദ്ധീകരിക്കുന്നതാണെന്നും യോഗത്തിൽ അറിയിച്ചു.

**സമിതി കൈക്കൊണ്ട തീരുമാനങ്ങൾ:**

1. സാമൂഹ്യ മാദ്ധ്യമങ്ങളിൽ സമാജാംഗങ്ങൾക്ക് പെരുമാറ്റച്ചട്ടം രൂപീകരിക്കുവാൻ 3 അംഗ സമിതിയെ നിയോഗിച്ചു. 2. പത്തനംതിട്ട ജില്ലയിൽ ഓതറ കേന്ദ്രമാക്കി പുതിയ ശാഖ 12. 1. 2019ന് ഉത്ഘാടനം നടത്തുന്നതാണ്. 3. AKBFന് അഫിലിയേഷൻ ഫീസായി Rs. 5000/ നൽകാൻ തീരുമാനിച്ചു. 4. ഹിന്ദു പർലമെന്റിൽ നിന്ന് MBS വിട്ടു നിൽക്കുവാൻ തീരുമാനിച്ചു. 5. കേന്ദ്ര സമിതിയിൽ നിന്നും 3 പേർ രാജി സമർപ്പിച്ച വിഷയത്തിൽ പ്രസ്തുത ശാഖാ പ്രതിനിധികളായ 2പേരും എറണാകുളം ജില്ലാ പ്രതിനിധികളായ 2പേരും കേന്ദ്ര ഭാരവാഹികളു മായി കോട്ടയം കേന്ദ്ര ഓഫീസിൽ ഈ വിഷയം ചർച്ച ചെയ്ത് ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ കേന്ദ്ര പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി. 6. സമാജത്തിന്റെ പോഷകസംഘടനകളായി യുവജനവേദി, വനിതാവേദി എന്നിവയുടെ പ്രവർത്തനങ്ങൾ ശാഖാ തലത്തിൽ തുടങ്ങുന്നതിനും ബൈലോ അംഗീകാരത്തിന് വിധേയമായി തുടർ പ്രവർത്തനങ്ങൾ നടത്താവുന്നതാണെന്നും തീരുമാനിച്ചു. 7. ശാഖകളുടെ കണക്കുകൾ 31. 01. 2019 ന് മുൻപായി ഓഡിറ്റ് ചെയ്യേണ്ടതാണ്. ഇതിലേക്കായി ശാഖയ്ക് പുറത്ത് നിന്നുള്ള ഒരംഗത്തെ ജില്ലാ കമ്മറ്റി നിയമിക്കേണ്ടതാണ്. കോട്ടയം ഒഴികെയുള്ള ജില്ലകളുടെ കണക്ക് ഓഡിറ്റ് ചെയ്യുവാൻ താഴെ കൊടുത്തിരിക്കുന്നവരെ നിയോഗിച്ചു: ശ്രീ. V N ദിവാകരൻ | ശ്രീ. T N ബാബുകുമാർ | ശ്രീ. M K ഹരിശർമ്മ | കോട്ടയം ജില്ലയിൽ ട്രഷറർ ശ്രീ KSD ഇളയത് മേൽനോട്ടം വഹിക്കും. 8. ജില്ലാ കമ്മറ്റി മീറ്റിംങ്ങുകളിൽ കേന്ദ്ര ഭാരവാഹികൾ നിരീക്ഷകരായി പങ്കെടുക്കേണ്ടതാണ്. ഇതിന്റെ യാത്രാ ബത്ത പ്രസ്തുത ശാഖ വഹിക്കേണ്ടതാണ്. 9. ജില്ലയ്ക് പുറത്ത് സമാജത്തിന്റെ ആവശ്യത്തിനായി യാത്ര ചെയ്യുന്ന കേന്ദ്ര ഭാരവാഹികൾക്ക് യാത്രാ ബത്ത നൽകാൻ തീരുമാനിച്ചു. വിശദമായ TA policy രൂപീകരിക്കുവാൻ വൈസ് പ്രസിഡന്റ് ശ്രീ. KNB ശർമ്മയെ ചുമതലപ്പെടുത്തി. 10. കേന്ദ്ര ഓഫീസിൽ താഴത്തെ നിലയിലെ ഒഴിഞ്ഞു കിടക്കുന്ന മുറി യുവജനവേദിയുടെ അഭ്യർത്ഥന പ്രകാരം അവരുടെ പ്രവർത്തനങ്ങൾക്കായി കൊടുക്കുവാൻ തീരുമാനിച്ചു. 11. സംസ്ഥാന തലത്തിൽ നേതൃത്വ പരിശീലന ക്യാമ്പ് ഫെബ്രുവരിയിൽ രണ്ടു ദിവസങ്ങളിലായി കോട്ടയം കേന്ദ്ര ഓഫീസിൽ നടത്തുവാൻ തീരുമാനിച്ചു. 12. സമാജത്തിന്റെ നേതൃത്വത്തിൽ സൊസൈറ്റി/ നിധി തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ ആരായാൻ 3 അംഗ സമിതിയെ നിയോഗിച്ചു . 13. കേന്ദ്ര തലത്തിൽ പരസ്പര സഹായ നിധിയുടെ രൂപരേഖ തയ്യാറാക്കാൻ കേന്ദ്ര ട്രഷററെ ചുമതലപ്പെടുത്തി. 14. സമാജത്തിന്റെ ആഭിമുഖ്യത്തിൽ വ്യവസായ സംരഭകരുടെ യോഗം സംഘടിപ്പിക്കുവാൻ നാലംഗ സമിതിയെ ചുമതലപ്പെടുത്തി. 15. ഡിജറ്റലൈസേഷന്റെ ഭാഗമായി 2019ഏപ്രിൽ 1 മുതൽ Software നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു. ഞെ. 29000/ ന്റെ കൊട്ടേഷൻ യോഗം അംഗീകരിച്ചു. Rs. 15000/ അഡ്വാൻസ് നൽകാൻ തീരുമാനിച്ചു.

## MBS -നേതൃത്വ പരിശീലന ക്യാമ്പ്

സമാജത്തിന് പുതിയ നേതൃനിര കെട്ടിപ്പടുക്കുക, സമാജം പ്രവർത്തനങ്ങളിൽ ഏകീകരണം നടപ്പിലാക്കുക തുടങ്ങിയവ മുഖ്യ ലക്ഷ്യമാക്കി സമാജത്തിന്റെ ശാഖാ,ജില്ലാ ഭാരവാഹികൾക്കായി ദ്വിദിന നേതൃത്വ പരിശീലന ക്യാമ്പ് ഫെബ്രുവരി 23, 24 തീയതികളിൽ MBS കേന്ദ്ര ഓഫീസിൽ നടന്നു. ക്യാമ്പിന്റെ ഉത്ഘാടനം കേന്ദ്ര പ്രസിഡന്റ് ശ്രീ. T V നാരായണ ശർമ്മ നിർവഹിച്ചു. 115 ഓളം അംഗങ്ങൾ പങ്കെടുത്തു.

ക്യാമ്പ് സംഘാടകനായ വൈസ് പ്രസിഡന്റ് ശ്രീ. K B ശർമ്മ ആമുഖ പ്രഭാഷണം നടത്തി. ശതാഭിഷിക്തയായ സമാജത്തിന്റെ ചരിത്രം കേന്ദ്ര പ്രസിഡന്റ് ക്യാമ്പംഗങ്ങളെ ഓർമ്മപ്പെടുത്തി. സംഘടനാ പ്രവർത്തനത്തെക്കുറിച്ച് കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീ. ദേവൻ ഇളയത് ക്യാമ്പിൽ വിശദീകരിച്ചു. തുടർന്ന് സമാജത്തിന്റെ സ്വന്തം ട്രെയിനർമാരായ ശ്രീ. V N T നമ്പൂതിരി, ശ്രീ. ശ്രീവത്സലൻ നമ്പൂതിരി എന്നിവരുടെ ക്ളാസുകൾ ക്യാമ്പംഗങ്ങളിൽ പുതിയൊരു ദിശാബോധം സൃഷ്ടിക്കാൻ പര്യാപ്തമായിരുന്നു.

ക്യാമ്പിന്റെ മുഖ്യ ആകർഷണം ക്യാമ്പിലെ യുവജനങ്ങളെ ഉദ്ദേശ്ശിച്ച് നടത്തിയ പ്രഭാഷണ മത്സരമായിരുന്നു. അന്തരിച്ച C S ഉണ്ണികൃഷ്ണന്റെ സ്മരണാർത്ഥം നടത്തിയ ഈ മത്സരത്തിൽ അദ്ദേഹത്തിന്റെ മാതൃ ജില്ലയിൽ നിന്നുതന്നെയുള്ള നന്ദകിഷോറും ഹരിമോഹനും ഒന്നാം സ്ഥാനവും അതുല്യാ വാസുദേവും മന്‌ജുഷാ മനോജും രണ്ടാം സ്ഥാനവും നേടി ഉച്ചഭക്ഷണത്തിനു ശേഷം കേന്ദ്ര ട്രഷറർ ശ്രീ. K S D ഇളയത്, ജോയിന്റ് സെക്രട്ടറി ശ്രീ. V N ദിവാകരൻ എന്നിവർ സമാജത്തിന്റെ കണക്കുകൾ കൈകാര്യം ചെയ്യുന്നതിൽ കൃത്യതയും ഏകീകരണവും കൊണ്ടു വരേണ്ടതിന്റെ ആവശ്യകത അംഗങ്ങളെ ബോദ്ധ്യപ്പെടുത്തി. തുടർന്ന് കേന്ദ്ര എക്സിക്യൂട്ടിവ് അംഗവും പെരുമ്പാവൂർ ശാഖാ പ്രസിഡന്റുമായ ശ്രീ. പരമേശ്വരൻ ഇളയത്, ശാഖാ പ്രവർത്തനങ്ങൾ, മീറ്റിംങ്ങുകൾ ഇവ സംഘടിപ്പിക്കുവാൻ ചില പ്രായോഗിക നിർദ്ദേശങ്ങൾ അംഗങ്ങൾക്ക് നൽകി.

'ബ്രഹ്മശ്രീ' യ്കു വേണ്ടി സംസാരിച്ച ചീഫ് എഡിറ്റർ ശ്രീ. ഹരികുമാർ പാണാട്ടില്ലം, ബ്രഹ്മശ്രീ യുടെ നിലവാരം ഉയർത്തുവാൻ അംഗങ്ങളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ട ശ്രമങ്ങൾ വിശദീകരിച്ചു. വളരെ കൃത്യ നിഷ്ഠ പുലർത്തിയ ക്യാമ്പ് രണ്ടു ദിവസവും നിർദ്ദിഷ്ഠ സമയയത്തിന് ആരംഭിക്കുവാനും അവസാനിപ്പിക്കുവാനും സാധിച്ചു.

## വൈക്കം ശാഖ

മലയാള ബ്രാഹ്മണ സമാജം വൈക്കം ശാഖയുടെ ജനുവരി മാസയോഗം വടകര കുന്നകാട്ടില്ലത്ത് കേശവൻ ഇളയതിന്റെ വസതിയിൽ വച്ചു നടന്നു. ശാഖ അംഗം കൂടിയായ ജില്ല സെക്രട്ടറി സി എസ് ഉണ്ണികൃഷ്ണന്റെയും ചാവടി ഇല്ലത്ത് ഉമലക്ഷ്മിയുടെയും നിര്യാണത്തിൽ ശാഖ അനുസ്മരണം നടത്തി താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു. ഔദ്യോഗികാവശ്യങ്ങൾക്കായി അടിയന്തരമായി വിദേശയാത്രയുള്ളതിനാൽ സെക്രട്ടറി സ്ഥാനത്ത് നിന്ന് തന്നെ ഒഴിവാക്കണം എന്ന ഹരിശർമയുടെ അഭ്യർത്ഥന സ്വീകരിച്ചു കൊണ്ട് വൈസ് പ്രസിഡന്റ് ആയി പ്രവർത്തിക്കുന്ന ചന്ദ്രഗുപ്തൻ ഇളയതിനെ ശാഖ സെക്രട്ടറി ആയി തീരുമാനിച്ചു. അദ്ദേഹത്തെ തന്നെ സി എസ് ഉണ്ണികൃഷ്ണന്റെ നിര്യാണത്തെ തുടർന്ന് വന്ന ഒഴിവിലേക്ക് ജില്ലാ സമിതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. കേന്ദ്ര സമിതിയിൽ നിന്ന് ഹരിശർമയ്ക്ക് 6 മാസത്തേക്ക് അവധി നൽകണമെന്ന് അഭ്യർത്ഥിക്കുവാനും ശാഖ യോഗം തീരുമാനിച്ചു.

## വടക്കാഞ്ചേരി ശാഖ


മലയാള ബ്രാഹ്മണ സമാജം വടക്കാഞ്ചേരി ശാഖയുടെ 2019ലെ ആദ്യയോഗം ജനുവരി 6 ഞായറാഴ്ച ചെറുതുരുത്തി തിരുത്തിപ്പിള്ളി ഉണ്ണികൃഷ്ണൻ ഇളയതിന്റെ ഇല്ലത്ത് വെച്ച് നടന്നു. പ്രസിഡന്റ് ശ്രീ നീലാംബരൻ മാഷ് അദ്ധ്യക്ഷൻ ആയിരുന്നു. ഈശ്വരപ്രാർത്ഥനക്കും ആചാര്യവന്ദനത്തിനും ശേഷം സ്വാഗതം, റിപ്പോർട്ട് അവതരണം എന്നിവ യഥാക്രമം നടന്നു. തുടർന്ന് നടന്ന ചർച്ചയിൽ ഫെബ്രുവരിയിൽ നടത്താൻ തീരുമാനിച്ച ശാഖാവാർഷികം, കേന്ദ്രകമ്മറ്റിയിൽ നിന്നും ലഭിച്ച 20 ഭരണ നിർദ്ദേശങ്ങൾ, ശബരിമല സ്ത്രീ പ്രവേശനത്തിന് ശേഷം കേരളത്തിൽ ഉണ്ടായ സ്ഥിതിഗതികളെ കുറിച്ച് ഒരു അവലോകനം എന്നീ വിഷയങ്ങൾ ഉൾകൊള്ളിച്ചു നന്ദി പ്രകടനത്തിന് ശേഷം യോഗം പിരിച്ചു വിട്ടു

## കൂത്താട്ടുകുളം ശാഖ

2019 –) ആണ്ട് ജനുവരി 13, ഞായറാഴ്ച 2 മണിയ്ക്ക് ചിറപ്പുറത്തില്ലത് ശ്രീ സി.എൻ. പുരുഷോത്തമൻ നിലയത്തിന്റെ വസതിയിൽ വച്ചു കൂത്താട്ടുകുളം ശാഖയുടെ പ്രതിമാസയോഗം സമാരംഭിച്ചു. ശാഖ പ്രസിഡന്റ് ശ്രീ . പി. എൻ. മുരളീധര ശർമ്മ അധ്യക്ഷത വഹിച്ചു. കുടുംബനാഥൻ ദീപപ്രോജ്വലനം നടത്തി. ഈശ്വരപ്രാർത്ഥന ആചാര്യവന്ദനം എന്നിവക്ക് ശേഷം കാലയവനികക്കുള്ളിൽ മറഞ്ഞു പോയ ബ്രാഹ്മണ ശ്രേഷ്ഠരെ ചുള്ളിമംഗലം. ഉണ്ണികൃഷ്ണൻ, വലിയമംഗലം ചന്ദ്രൻ ചേട്ടൻ, പീശമ്പിള്ളിൽ അനിയൻ ജേഷ്ഠൻ എന്നിവരെ അനുസ്മരിച്ചും, ശാഖയിലെ, പുതുക്കിയ അംഗത്വ രജിസ്റ്റർ പരിശോധിച്ച് ചർച്ചചെയ്തു. ആവശ്യമായ തിരുത്തലുകൾ നടത്തുവാൻ തീരുമാനിച്ചു. കേന്ദ്ര പ്രവർത്തന രൂപരേഖ ചർച്ചചെയ്തു. വനിതാവേദി, യുവജന വേദി എന്നിവ എത്രയും വേഗം പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു. അംഗങ്ങളുടെ നാമനിർദേശം നടന്നു. ഭാവിപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ തീരുമാനിച്ചു.

## All Kerala Brahminis Federation

എ. കെ .ബ– .എഫ് വനിതാ വിഭാഗത്തിന്റെ ആദ്യ യോഗം 2019 ജനുവരി 27 നു എറണാകുളം തിരുമല ദേവസ്വം ക്ഷേത്ര ഹാളിൽ കൂടി. ബ്രാഹ്മണ സമുദായത്തിൽ പ്പെട്ട ഏഴ് സംഘടനകളിലെ വനിതകളാണ് യോഗത്തിൽ പങ്കെടുക്കാനായി എത്തിച്ചേർന്നത്. ശ്രീമതി ഉമാദേവി അധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ എകെബിഎഫ് വൈസ് ചെയർമാൻ ശ്രീ രംഗദാസപ്രഭു, സെക്രട്ടറി ജനറൽ ശ്രീ രാജൻ ഉണ്ണി ,ചീഫ് അഡ്വൈസർ ഡോക്ടർ പ്രദീപ് ജ്യോതി എന്നിവർ പ്രസംഗിച്ചു . എല്ലാ വനിതകളും സ്വയം പരിചയപ്പെടുത്തുകയും സംഘടനയ്ക്ക് ആശംസകൾ നേർന്നു. എംബിഎസ് ൽ നിന്ന് ശ്രീമതി ശാരദാമണി, ശ്രീമതി വത്സലകുമാരി, ശ്രീമതി പ്രിയ ശ്രീകുമാർ എന്നിവർ യോഗത്തിൽ സംബന്ധിച്ചു. സ്വസമുദായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കാൻ പ്രായമൊരു പ്രശ്നമല്ല എന്ന് മനസിലാക്കി തന്ന തങ്കമാമി, പാലക്കാട്ടു നിന്ന് ഈ യോഗത്തിൽ പങ്കെടുക്കാൻ എത്തിയതാണ് .മാമിയുടെ സാനിധ്യവും വാക്കുകളും എല്ലാവർക്കും ഉണർവേകി .എല്ലാ ജില്ലകളിലും മൈക്രോ ഫിനാൻസ് തുടങ്ങാൻ തീരുമാനമായി .ആർഷവിദ്യ സമാജത്തിലെ ശ്രുതി എന്ന പെൺകുട്ടി ഹിന്ദുധർമ മെന്താണെന്നു പഠിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ഉദ്ബോധിപ്പിച്ചു



## ചങ്ങനാശേരി ശാഖ

മലയാള ബ്രാഹ്മണ സമാജം ചങ്ങനാശേരി ശാഖയുടെ ഫെബ്രുവരി മാസയോഗം 03-02-2019 ന് കുറിച്ചി പെരുമ്പോഴുപുറത്ത് ഇല്ലത്ത് മനോജ്കുമാറിന്റെ വസതിയിൽ വച്ചു നടന്നു. വൈസ് പ്രസിഡന്റ് ആര്യ സച്ചിൻ അധ്യക്ഷത വഹിച്ചു. ജില്ല പ്രതിനിധിയായി ജോയിന്റ് സെക്രട്ടറി ശ്രീകാന്ത് പങ്കെടുത്തു. ഊഷ്മളമായ കേന്ദ്രജില്ലാശാഖ ബന്ധങ്ങളിലൂടെ കൃത്യമായ സംഘടനപ്രവർത്തങ്ങൾ ഇപ്പോൾ നടക്കുന്നു എന്നും, ആയതിനാൽ സമാജത്തിന് ഇത് നവോത്ഥാന കാലഘട്ടം എന്നു വിശേഷിപ്പിക്കാമെന്നും ജില്ല പ്രതിനിധി പറഞ്ഞു. ഏപ്രിൽ മാസത്തിൽ ശാഖ വാർഷികം നടത്താൻ തീരുമാനമായി. ശാഖ യുവജനവേദിയുടെ നേതൃത്വത്തിൽ രക്തദാതാക്കളുടെ ലിസ്റ്റ് രൂപീകരിക്കുന്നതിന്റെ ഉത്ഘാടനം നടന്നു. മാർച്ച് മാസയോഗം പെരുമന ഇല്ലത്ത് ഹരിശർമയുടെ വസതിയിൽ വച്ചു നടത്താൻ തീരുമാനിച്ചു.

## ഗുരുവായൂർ ശാഖ

ശാഖാ വാർഷിക പൊതുയോഗം - **ഗുരുവായൂർ ശാഖ**പ്രാർത്ഥനക്കും ആചാര്യവന്ദനത്തിനും ശേഷം ശാഖാ ജോയിന്റ് സെക്രട്ടറി ശ്രീമതി.ശ്രീജ പരമേശ്വരൻ അനുശോചന പ്രമേയം വായിച്ചവതരിപ്പിച്ചു. രണ്ടുമിനുട് മൗനം ആചരിച്ചു.

ശാഖാ എക്സിക്യുട്ടീവ് അംഗവും തൃശ്ശൂർ ജില്ലാ സെക്രട്ടറിയുമായ ശ്രീ.സുരേഷ്കുമാർ കുഴുപ്പിള്ളി യോഗത്തിന് സ്വാഗതം പറഞ്ഞു. മലയാള ബ്രാഹ്മണ സമാജം ജനറൽ സെക്രട്ടറി കൊണഞ്ചേരി ദേവൻ ഇളയത് വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്തു. പുതിയ ഭരണ സമിതി വന്നിട്ട് 2 മാസത്തിനകം നയരൂപരേഖ ആസൂത്രണം ചെയ്തതായും ശാഖാ ജില്ലാ യോഗങ്ങളുടെ അഭിപ്രായങ്ങൾ തേടിയതായും വിശദീകരിച്ചു. പുതിയ ഭരണസമിതിക്ക് ശാഖാ ജില്ലാ ഭരണസമിതികളുടെ പിന്തുണ തേടുന്നതായും അറിയിച്ചു. കേന്ദ്രശാഖാബന്ധങ്ങൾക്ക് പഴയതിൽ നിന്നും വ്യത്യസ്ത സമീപനം ഉണ്ടാകുമെന്ന് ഉറപ്പ് നൽകി. സമാജത്തിന്റെ മുഖമെന്ന നിലയ്ക്ക് ബ്രഹ്മശ്രീ പുതിയ മട്ടിലും ഭാവത്തിലുമാകുമെന്നും മാസികയാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടെന്നും സൂചിപ്പിച്ചു. ഗുരുവായൂർ ശാഖയിൽ നിന്നും ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുത്ത ശ്രീ.ദേവൻ ഇളയത്, തൃശ്ശൂർ ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുത്ത ശ്രീ.കെ.എസ്.സുരേഷ് കുമാർ എന്നവരെ യോഗത്തിൽ ഔദ്യോഗികമായി അഭിനന്ദനം അറിയിച്ചു. പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. സംഘടനയുടെ കെട്ടുറപ്പിനും കൂട്ടായ്മകൾക്കും കഴിഞ്ഞ ഒരു വർഷത്തെ 21 മീറ്റിംഗുകളിൽ 2 പ്രാവശ്യമായുള്ള ഗൃഹസന്ദർശനവും വളരെ സഹായിച്ചിട്ടുള്ളതായി പറഞ്ഞു. അകാലത്തിൽ വിട്ടുപിരിഞ്ഞ കോട്ടയം ജില്ലാ സെക്രട്ടറി ശ്രീ.സി.എസ്.ഉണ്ണികൃഷ്ണന്റെ നിര്യാണത്തിന് റിപ്പോർട്ടിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ശാഖാ ട്രഷറർ ചേറ്റുവെട്ടി ഇല്ലത്ത് ശ്രീ.സുബ്രഹ്മണ്യൻ ഇളയത് വാർഷിക കണക്ക് അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം പ്രവർത്തനറിപ്പോർട്ടും വരവ് ചെലവ് കണക്കുകളും അവതരിപ്പിച്ചു. ജില്ലാ പ്രതിനിധി ശ്രീമതി.ശാന്തകുമാരി ടീച്ചർ, ശാഖാ വൈസ് പ്രസിഡ് ശ്രീ.രാജൻ തത്തമംഗലം, ശ്രീമതി.ഗീത എസ്.ഇളയത്, യുവജനവിഭാഗം കോർഡിനേറ്റർ ശ്രീ.മനോജ് കാക്കശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ചു. പുതിയ നയരൂപീകരണത്തിനുള്ള 20 ഇന രൂപരേഖ ചർച്ച ചെയ്തു. ശാഖാ ജോയിന്റ് സെക്രട്ടറി ശ്രീ.രാധാകൃഷ്ണൻ മല്ലിശ്ശേരി കൃതജ്ഞത പ്രകാശിപ്പിച്ചു.

2. 10/02/2019 : മാസാന്ത്യശാഖാ യോഗം – 3 മണിക്ക് അന്തിക്കാട് പുളിന്ത്ര ഇല്ലത്ത് ദാമോദരൻ ഇളയതിന്റെ വസതിയിൽ വെച്ച് നടന്നു. ശാഖാ പ്രസിഡന്റ് ശ്രീ.പുതുമന നാരായണൻ ഇളയത് അദ്ധ്യക്ഷനായിരുന്നു. ഗൃഹനാഥനായ ശ്രീ പുളിന്ത്ര ദാമോദരൻ ഇളയത് സ്വാഗതം പറഞ്ഞു.

ശാഖാ സെക്രട്ടറി കഴിഞ്ഞ ശാഖാ യോഗത്തിലെ മിനുട്സ് വായിച്ചു. ഗൃഹസന്ദർശനം സംബന്ധിച്ച കാര്യങ്ങൾ വിശദീകരിച്ചു. 20 ഇന നയപരിപാടികളുടെ ശാഖാ യോഗത്തിലുായ ചർച്ചയും തീരുമാനങ്ങളും ക്രോഡീകരിച്ചു. തീരുമാനങ്ങൾ ജില്ലാ സെക്രട്ടറി മുഖേന അറിയിക്കുന്നതിന് ശാഖാ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഗൃഹസന്ദർശനം നടത്തേ ഇല്ലങ്ങളുടെ വിവരങ്ങൾ ശാഖാംഗങ്ങളെ ധരിപ്പിച്ചു. കരുണാട്ട് ഇല്ലത്ത് ഉണ്ണികൃഷ്ണൻ ഇളയത് കൃതജ്ഞത രേഖപ്പെടുത്തി. യോഗം 5 മണിക്ക് സമാപിച്ചു.

## കോട്ടയം ജില്ല വാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കോട്ടയം ജില്ലാ സമിതിയുടെ ഫെബ്രുവരി മാസയോഗം 10-02-2019 ഞായറാഴ്ച്ച സമാജം ഹെഡ് ഓഫീസിൽ വച്ചു ജില്ല പ്രസിഡന്റ് ബാബുകുമാറിന്റെ അധ്യക്ഷതയിൽ നടന്നു. ജില്ല സെക്രട്ടറിയായിരുന്ന സി എസ് ഉണ്ണികൃഷ്ണന്റെ നിര്യാണത്തെ തുടർന്ന് ഒഴിവു വന്ന ജില്ല സെക്രട്ടറി സ്ഥാനത്തേക്കു നിലവിൽ ജില്ലാ ജോയിന്റ് സെക്രട്ടറി സ്ഥാനം വഹിക്കുന്ന അരുൺ കീച്ചേരിൽന്റെ പേര് സെക്രട്ടറി സ്ഥാനത്തേക്ക് നിർദേശിച്ചു. യോഗം ഐകകണ്ഠേന അംഗീകരിച്ചു. ജില്ലയിൽ വിവര ശേഖരണത്തിനായി ഉണ്ടാക്കിയ ഫോം ജില്ല സമിതി അംഗീകരിച്ചു. മെയ് മാസത്തിൽ ജില്ല സമ്മേളനം നടത്തുവാൻ തീരുമാനിച്ചു. ആയതിനാൽ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ശാഖ വാർഷികങ്ങൾ നടത്താൻ ശാഖകൾക്ക് നിർദേശം കൊടുക്കുവാനും തീരുമാനിച്ചു.
മേയ് മാസം 5 തിയതി ജില്ല കൗൺസിൽ യോഗവും, മേയ് 12ന് ജില്ല സമ്മേളനവും നടത്തുവാൻ ജില്ല സമിതി തീരുമാനിച്ചു. ജില്ല സമ്മേളനത്തോടെ അനുബന്ധിച്ചു ഉള്ള കാലമത്സരങ്ങളുടെ കാര്യങ്ങൾ തീരുമാനിക്കുവാൻ കൈനിക്കര ഹരികൃഷ്ണൻ, കുറിച്ചി ഹരിമോഹൻ എന്നിവരെ ചുമതലപ്പെടുത്തി.ഹെഡ് ഓഫീസിൽ ജില്ല സമിതിക്ക് അനുവദിച്ച മുറി ഓഫീസ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## എറണാകുളം ജില്ല

27-01-2019 ഞായറാഴ്ച ഉച്ചയ്ക്ക് 2.45ന് പെരുമ്പാവൂർ ശാഖാ ഓഫീസിൽ വച്ച് ജില്ലാ കമ്മറ്റി ചേർന്നു. നോട്ടീസ് അംഗീകാരം, ഈശ്വരപ്രാർത്ഥന,ആചാര്യവന്ദനം ഇവയ്ക്കുശേഷം സ്വാഗതം (സെക്രട്ടറി) അധ്യക്ഷഭാഷണം (പ്രസിഡന്റ്) മുൻകമ്മറ്റി മിനുറ്റ്സ് വായന എന്നിവ നടന്നു. ജില്ലയിലുൾപ്പെട്ട ശാഖകളുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി ശാഖാ പ്രതിനിധികൾ അവരവർ പ്രതിനിധാനം ചെയ്യുന്ന ശാഖയിലെ പ്രവർത്തനങ്ങളെ വിശകലനം ചെയ്തു. എറണാകുളം, പെരുമ്പാവൂർ, പള്ളിക്കര, കൂത്താട്ടുകുളം, കോതമംഗലം, ആലുവ, പറവൂർ എന്നീ ശാഖകളെ പ്രതിനിധീകരിച്ച് യഥാക്രമം ശ്രീ വിനോദ് കല്ലാർവേലി ശ്രീ കെ.എൻ പരമേശ്വരൻ ഇളയത്, ശ്രീ കൃഷ്ണൻ ഇളയത് അണിയിൽ, ശ്രീ വിജയൻ നെടുമ്പയില്ലം, ശ്രീ സുബ്രഹ്മണ്യൻ ഇളയത്, ശ്രീ ചന്ദ്രൻ വട്ടമ്പറമ്പില്ലം, ശ്രീ രവികുമാർ എം.വി., എന്നിവർ സംസാരിച്ചു. ചില ശാഖകളിൽ പ്രതിമാസ യോഗങ്ങളും പ്രവർത്തനങ്ങളും ശരിയാംവണ്ണം നടക്കാത്തതിന്റെ കാരണമായി പ്രതിനിധികൾ ചൂണ്ടിക്കാണിച്ചത് വിപുലമായ ശാഖാ വിസ്തൃതിയും അംഗങ്ങളുടെ നിസ്സഹകരണവും ഭരണസമിതിയിലെ അഭിപ്രായവ്യത്യാസങ്ങളുമാണ്. എല്ലാം പരിഹരിച്ച് ശാഖകളെ കൂടുതൽ പ്രവർത്തനക്ഷമമാക്കുവാൻ തീരുമാനിച്ചു. ജില്ലാ സമ്മേളനം 2019 മെയ് 11,12 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു. ജില്ലാ പ്രവർത്തനഫണ്ട് സമാഹരണത്തിനായി ഏതാനും പദ്ധതികൾ ചർച്ച ചെയ്തു. ജില്ലാ ആഡിറ്ററെ അഭിപ്രായസമന്വയത്തിലൂടെ ഉടൻ നിയോഗിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. കേന്ദ്ര ട്രഷറർ കെ.എസ്.ഡി. ഇളയതിന്റെ നന്ദി പ്രകാശനത്തിന് ശേഷം യോഗം 5.30ന് പര്യവസാനിച്ചു.

## ഓതറ ശാഖ ഉത്ഘാടനം

MBS ന്റെ പത്തനംതിട്ട ജില്ലയിലെ ആദ്യ ശാഖ ചെങ്ങന്നൂരിനടുത്ത് ഓതറയിൽ 12.01.2019ന് കേന്ദ്ര പ്രസിഡന്റ് ശ്രീ T V നാരായണ ശർമ്മ ഉത്ഘാടനം ചെയ്തു. ആദ്യ അംഗത്വം ശ്രീ സനാതനൻ നമ്പൂതിരിക്ക് നൽകിക്കൊണ്ട് MBS വൈസ് പ്രസിഡന്റ് ശ്രീ കെ.ബി. ശർമ്മ നിർവഹിച്ചു. 'ബ്രഹ്മശ്രീ' വിതരണോത്ഘാടനം ശ്രീ സദാശിവൻ നമ്പൂതിരിക്ക് നൽകിക്കൊണ്ട് കേന്ദ്ര ജോയിന്റ് സെക്രട്ടറി ശ്രീ V N ദിവാകരൻ നിർവ്വഹിച്ചു. കേന്ദ്ര ജോയിന്റ് സെക്രട്ടറി ശ്രീ P N മോഹൻകുമാർ പുതിയ ശാഖയ്ക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. ശാഖയുടെ ഭാരവാഹികൾ

പ്രസിഡന്റ് : ശ്രീ. ശ്രീകുമാർ ശർമ്മ, താമരമംഗലം
വൈസ് പ്രസിഡന്റ് : ശ്രീമതി സ്മിത, മാമ്പറ്റ ഇല്ലം
സെക്രട്ടറി: ശ്രീ. ധനേഷ്ട, മാമ്പറ്റ ഇല്ലം
ട്രഷറർ : ശ്രീ. ശ്രീകുമാര ശർമ്മ, മാമ്പറ്റ ഇല്ലം
ജോയിന്റ് സെക്രട്ടറി ശ്രീ. ശ്രീരാജ്, മാമ്പറ്റ ഇല്ലം

## തിരുവനന്തപുരം

26-01-2019 ശനിയാഴ്ച വട്ടിയൂർക്കാവ് ശ്രീ വാസുദേവിന്റെ വസതിയിൽ വച്ച് നടന്ന പ്രതിമാസ യോഗം. കൃത്യം മണിക്ക് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. പ്രാർത്ഥനയ്ക്കുശേഷം പ്രസിഡന്റിന്റെ ഉപക്രമപ്രസംഗത്തിൽ വാർഷികയോഗം നല്ലരീതിയിൽ നടത്തുവാൻ സഹകരിച്ച എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി. ഏറ്റവും നല്ല രീതിയിൽ നടത്തിയ ചുമതലക്കാർക്കും വേദി കണ്ടെത്തി സംഘടിപ്പിച്ച സെക്രട്ടറി സന്തോഷ്, ജയകുമാർ, ഗിരീഷ് സാമ്പത്തികവിഭാഗം നന്നായി കൈകാര്യം ചെയ്ത ശശികുമാർ, സഹായിച്ച ശ്രീധരൻ നമ്പൂതിരി എന്നിവരെ പ്രത്യേകം അഭിനന്ദിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. ബാലചന്ദ്രശർമ്മ, ശ്രീമതി മായ നാരായണൻ എന്നിവരെ ഒരിക്കൽ കൂടി അഭിനന്ദിച്ചു. നർമ്മകൈരളിയുടെ നർമ്മസല്ലാപത്തിൽ ഒന്നാം സ്ഥാനം നേടിയ ശ്രീ വി.സന്തോഷിനെ യോഗം പ്രത്യേകം അഭിനന്ദിച്ചു. കേന്ദ്രഭരണസമിതിയുടെ പുതിയ പ്രവർത്തനരേഖ, നേതൃത്വ പരിശീലനക്യാമ്പ് പൂജാപഠനക്ലാസ് എന്നിവയെക്കുറിച്ച് ആമുഖമായി കേന്ദ്രഭരണസമിതി അംഗം ശ്രീ ശ്രീവൽസലൻ നമ്പൂതിരി വിശദീകരിക്കുകയും യോഗം ചർച്ച ചെയ്യുകയും ചെയ്തു. കേന്ദ്രവൈസ് പ്രസിഡന്റ് ശ്രീമതി മായാ നാരായണൻ കേന്ദ്ര ഓഫീസിൽ വച്ചുനടന്ന ഗീതാപാരായണ യജ്ഞത്തെക്കുറിച്ച് വിശദമായി റിപ്പോർട്ട് ചെയ്തു. അതിന്റെ പ്രഭാഷകനായിരുന്ന ശ്രീ മധുകൃഷ്ണനെ പ്രത്യേകം അഭിനന്ദിച്ചു. ഫെബ്രുവരി 3-ാം തീയതി അന്യേന്യം ജനറൽ ബോഡി യോഗത്തിൽ സമാജത്തിൽ നിയോഗിക്കപ്പെട്ട അംഗങ്ങൾ കൃത്യമായി പങ്കെടുക്കണമെന്നും അതിന്റെ ചുമതല അന്യോന്യം ട്രഷറർ സനൽകുമാറിനെ ഏൽപിക്കുകയും ചെയ്തു. ശബരിമല ആചാരസംരക്ഷണത്തിന്റെ ഭക്തസംഗമത്തിൽ ഏകദേശം 20 അംഗങ്ങൾ നേരിട്ട് പങ്കെടുക്കുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. ശ്രീ സി.എസ്.ഉണ്ണിക്കൃഷ്ണന്റെ അകാല നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ട്രഷറർ ശശികുമാറിന്റെ മാതൃവിയോഗത്തിലും അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തി. സഹസ്രനാമത്തോടെ യോഗം 6ന് സമാപിച്ചു.

# സുഭാഷിതം

ഭാഗവതാചാര്യ
കെ. എൻ. രുക്മിണി 9037889295

കാകദൃഷ്ടിർ ബകധ്യാനം
ശ്വാനനിദ്രാ തഥൈവചാ
അല്പാഹാരം ജീർണ്ണവസ്ത്രം
ഏതദ് വിദ്യാർത്ഥി ലക്ഷണം

അല്പാഹാരം, ജീർണ്ണവസ്ത്രം, കാക ദൃഷ്ടി, ബകധ്യാനം, ശ്വാനനിദ്ര ഇവയാണ് വിദ്യാർത്ഥി ലക്ഷണം. മിതഭോജനം, അനാർഭാടമായ വസ്ത്ര ധാരണം, ലക്ഷ്യം കൊത്തിയെടുക്കാനുള്ള കാക്കയുടെ ചാഞ്ഞും ചെരിഞ്ഞുമുള്ള നോട്ടം . മത്സ്യത്തെ പിടിക്കാനുള്ള കൊക്കിന്റെ ഏകാഗ്രത, കരിയില അനങ്ങിയാൽ പോലും (ഒരു ചെറുചലനം) അറിയുന്ന ശ്വാനന്റെ ഉറക്കം ഇതെല്ലാമാണ് ഒരു നല്ല വിദ്യാർത്ഥിക്കുണ്ടാകേണ്ട ഗുണങ്ങൾ. ദ്രോണാചാര്യൻ ശിഷ്യരായ പാണ്ഡവർക്കും കൗരവർക്കും ഉചിതമായ വിദ്യാഭ്യാസം കൊടുത്തുകഴിഞ്ഞ് ഒരു പരീക്ഷ നടത്തി. ഒരുവാൻ വടവൃക്ഷത്തിൽ ഒരു യന്ത്രക്കിളിയെ തൂക്കിയിട്ട് അതിനു ചുവന്ന കൃഷ്ണമണികൾ. അതാണ് ലക്ഷ്യം. അസ്ത്രവിദ്യയുടെ പരീക്ഷയാണ്. ലക്ഷ്യഭേദനത്തിൽ പലരും പരാജയപ്പെട്ടു. ഭീമസേനൻ തനിക്കെല്ലാമറിയാമെന്ന ഭാവത്തിൽ മരത്തിന്റെയും പരിസരത്തിന്റെയും വിവരണം കൊടുത്തു. മരത്തിന്റെ പൊത്തിലേക്ക് ഒരു പൂച്ച കയറിപ്പോകുന്നതും കൂടി ഭീമസേനൻ കണ്ടു. ദ്രോണാചാര്യൻ ചിരിച്ചുകൊണ്ട് ഭീമസേനനെ മാറ്റി നിറുത്തി. ദ്രോണാചാര്യൻ അർജ്ജുനനോട് ചോദിച്ചു. കുമാര നീ അവിടെ എന്താണ് കാണുന്നത്? അർജ്ജുനൻ ഗുരുവിനെ നമസ്കരിച്ച് വിനയാന്വിതനായി പറഞ്ഞു. ഗുരോ, എനിക്കവിടെ പൊട്ടുപോലെ ചുവന്ന ഒരു അടയാളം മാത്രമേ കാണാൻ സാധിക്കുന്നുള്ളൂ. ആ പരീക്ഷയിൽ അർജ്ജുനൻ വിജയിയായി. ഗുരു പ്രസന്നനായി അനുഗ്രഹിച്ചു. ഈ ലക്ഷ്യബോധവും ശ്രദ്ധയുമാണ് വിദ്യാർത്ഥികൾക്ക് വേണ്ടത്. പ്രതികൂല സാഹചര്യത്തിൽ പോലും വേണമെന്ന് ആഗ്രഹമുണ്ടായാൽ സമർത്ഥമായി മുന്നേറി വിജയം കൈവരിയ്ക്കാം. ദ്രോണാചാര്യരുടെ പ്രതിമയെ ഗുരുവായി ധ്യാനിച്ച് അസ്ത്രവിദ്യ അഭ്യസിച്ച ഏകലവ്യനെ നോക്കൂ! നായാട്ടിനെത്തിയ പാണ്ഡവരുടെ വേട്ടപ്പട്ടിയുടെ കുരയുടെ ശല്യം ഏകലവ്യൻ എന്ന വിദ്യാർത്ഥി ഇല്ലാതാക്കിയത് ശ്രദ്ധിക്കൂ. ഏഴമ്പുകൾ തലങ്ങും വിലങ്ങും എയ്തു തറച്ചു വായടച്ചു. ഭക്തിയും പരിശ്രമവും ഏകലവ്യനെ സമർത്ഥനാക്കി.

ഇന്ന് വിദ്യാർത്ഥികളിൽ കാണുന്ന ദോഷമാണ് കണ്ടതിലും കേട്ടതിലും എല്ലാം ഭ്രമിച്ച് പഠിത്തത്തിലുള്ള ശ്രദ്ധ കുറഞ്ഞു വിജയിക്കാൻ സാധിക്കാതെ വരുന്നു. ശ്രദ്ധ, ഭക്തി, ജാഗ്രത, പരിശ്രമം ഇവയോടെ വിജയിക്കാനുള്ള അനുഗ്രഹം എല്ലാവർക്കുമുണ്ടാകാനുള്ള പ്രാർത്ഥനയോടെ..

# ആണ്ടൂർ ശ്രീ മഹാദേവ ക്ഷേത്രം

ആണ്ടൂർ ഗ്രാമത്തിന്റെ ഹൃദയ തടത്തിൽ, ഉന്നതമായ ചരിത്ര പാരമ്പര്യ മഹിമയിൽ വിളങ്ങുകയാണ് ആണ്ടൂർ ശ്രീ മഹാദേവ ക്ഷേത്രം. കാലകാല മഹാമൃത്യുഞ്ജയ മൂർത്തിയായ ശ്രീ പരമേശ്വരനാണ് ഇവിടുത്തെ ഭഗവാന്റെ സ്വരൂപം. കാലനെ നിഗ്രഹിച്ച ശേഷം ഭക്തനായ മാർക്കണ്ഡേയ കുമാരനെ അനുഗ്രഹിക്കുന്ന ഭാവത്തിൽ വിളങ്ങുന്ന ആണ്ടൂരപ്പൻ ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയുമാണ്. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത ശ്രീരുദ്രമൂർത്തി ഈ നാടിന്റെ ദേശാധിപനാണ്. പടിഞ്ഞാറു ദർശനമുള്ള ക്ഷേത്രത്തിന് തൃപ്രങ്ങോട്ടെയും ഏറ്റുമാനൂരെയും ക്ഷേത്രവുമായി സമാനതകളേറെയാണ്. പടിഞ്ഞാറു ദർശനമുള്ള ശിവൻ ഉഗ്രമൂർത്തിയാണല്ലോ. കോട്ടയം ജില്ലയിലെ മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രം ഏറ്റുമാനൂർ, വൈക്കം ,കടുത്തുരുത്തി ക്ഷേത്രങ്ങൾക്കൊപ്പം പരിഗണിക്കപ്പെടുന്നു. പ്രധാന ദേവന്റെ ശ്രീകോവിലിന് വടക്കുപടിഞ്ഞാറു മാറി കിഴക്കു ദർശനവുമായി ഋതുമതിയായ പാർവതീ ദേവി കുടികൊള്ളുന്നു. വിവാഹം നടക്കാത്ത വനിതകൾക്ക് അഭയസ്ഥാനമാണ് ശ്രീ പാർവതിയുടെ തിരുനട . പട്ടും താലിയുമാണ് മുഖ്യ വഴിപാട്.
ശ്രീ പരമേശ്വരന്റെ മക്കളായ ഗണപതിയും ശാസ്താവും ഒക്കത്തും. ഭഗവാന്റെ മറ്റൊരു ഭാവമായ അന്തിമഹാകാളനും അയിലയക്ഷിയും ക്ഷേത്രത്തിന്റെ വടക്ക് ഭാഗത്ത് പ്രത്യേക ശ്രീകോവിലിൽ കിഴക്ക് ദർശനത്തിലുണ്ട്. ക്ഷേത്ര മതിൽക്കകത്ത് തെക്ക് പടിഞ്ഞാറ് ഭാഗത്ത് നാഗരാജാവും നാഗയക്ഷിയും വടക്ക പടിഞ്ഞാറു ഭാഗത്ത് രക്ഷ സുമുണ്ട്. കിഴക്ക് ഭാഗത്താണ് ക്ഷേത്രക്കുളവും ആൽത്തറയും.
എട്ടാം നൂറ്റാണ്ടിലാണ് കേരളത്തിലെ ഭൂരിഭാഗം ക്ഷേത്രങ്ങളും പ്രതിഷ്ഠിക്കപ്പെട്ടത്. ആയിരത്തിലേറെ വർഷങ്ങൾ പഴക്കമുള്ള ക്ഷേത്രത്തിലെ പ്രതിഷ്ഠ നടത്തിയത് ഒരു ഋഷീശ്വരനാണ്. ഇടപ്രഭുക്കന്മാരുടെ അധീനതയിലുണ്ടായിരുന്ന ക്ഷേത്രം പിന്നീട് കാലക്രമത്തിൽ 4 ഊരാണ്മശാഖകളുടെ നിയന്ത്രണത്തിലെത്തുകയായിരുന്നു. തുരുത്തി, തോട്ടം, ഏറത്തുരുത്തി പൊതി എന്നീ ഇല്ലങ്ങൾക്കാണ് ക്ഷേത്രത്തിന്റെ ഉടമസ്ഥാവകാശം. ദൈനംദിന കാര്യങ്ങളുടെ നിർവഹണം ദേവസ്വം കമ്മിറ്റിയും തിരുവുത്സവം തുടങ്ങിയുള്ള ആട്ടവിശേഷങ്ങളുടെ നടത്തിപ്പ് തിരുവുത്സവ കമ്മിറ്റിയുമാണ്.

## ആണ്ടൂർ തിരുവാതിര

ക്ഷേത്രത്തിലെ തിരുവുത്സവമാണ് ആണ്ടൂർ തിരുവാതിര. മീനമാസത്തിലെ അശ്വതി നാളിൽ കൊടിയേറി , തിരുവാതിര നാളിൽ ആറാട്ടോടെ സമാപിക്കുന്ന ഉത്സവം നാടിന്റെ ആഘോഷമാണ്. 70 വർഷങ്ങൾക്കു മുൻപ് സകല പ്രതാപത്തോടും നടന്ന കൊടിയേറിയുള്ള ഉത്സവം പിന്നീട് മുടങ്ങി. പിന്നീട് 21 വർഷങ്ങൾക്കു മുൻപ് ആട്ടവിശേഷമായി ഉത്സവം പുനരാരംഭിച്ചു. മൂന്നു ദിവസമായിരുന്നു ഉത്സവം. എന്നാൽ 2014ൽ നടന്ന ക്ഷേത്ര പുനരുദ്ധാരണത്തിനു ശേഷം സർവ ചടങ്ങുകളോടും കൂടിയുള്ള തിരുവുത്സവം ആണ്ടൂർ തിരുവാതിരയായി പുനരാരംഭിച്ചു.

## വഴിപാടുകൾ , ആട്ടവിശേഷങ്ങൾ


വിനായകചതുർത്ഥി, ശിവരാത്രി, മണ്ഡലഭജന , നവരാത്രി, സപ്താഹം,, ഉത്രം ഇടി  തുടങ്ങിയവ മുഖ്യ ആട്ടവിശേഷങ്ങളായും എല്ലാ തിരുവാതിരനാളിലും പന്തിരുനാഴി പ്രസാദമൂട്ട്, എല്ലാ ആയില്യം നാളിലും ആയില്യംപൂജ, ജലധാര, ക്ഷീര ധാര , പ്രദോഷത്തിന് വിശേഷാൽ പ്രദോഷധാര, ശിവരാത്രിക്ക് ശ്രീരുദ്രം ധാര, ഗണപതിഹോമം, ഭഗവത് സേവ, ശാസ്താ നടയിൽ നീരാജനം  തുടങ്ങിയവ മുഖ്യ വഴിപാടുകളുമാണ്.

ഇടവമാസത്തിലെ മകയിരം നാൾ പ്രതിഷ്ഠാദിനം. മനയത്താറ്റില്ലത്ത്  ബ്രഹ്മശ്രീ അനിൽ ദിവാകരൻ നമ്പൂതിരിപ്പാട് തന്ത്രി

ക്ഷേത്ര മഹിമയിലേക്ക് എല്ലാ ഭക്തജനങ്ങൾക്കും സ്വാഗതം.

പാലാ– വൈക്കം റോഡിൽ പാലായിൽ നിന്നും 8 കി.മീ. പടിഞ്ഞാറു മാറി കോഴിക്കൊമ്പ് ജംഗ്ഷനിൽ നിന്നും 500 മീറ്റർ സഞ്ചരിച്ചാൽ ക്ഷേത്രത്തിലെത്താം.

ക്ഷേത്രത്തിലെ ഫോൺ : 8304004132





2019 ജനുവരി മാസം ഒന്നാം തീയ്യതി മൂന്നാം വിവാഹ വാർഷികം ആഘോഷിച്ച നിഖിലും പ്രീതിയും. ചോറ്റാനിക്കര ചെറുതുരുത്തി ഇല്ലത്തു പദ്മനാഭന്റേയും സത്യബാലയുടെയും മകനാണ് നിഖിൽ. രണ്ടു പേരും ഓസ്ട്രേലിയയിൽ മെഡിക്കൽ വിദ്യാർത്ഥികൾ ആണ്



ചോറ്റാനിക്കര ചെറുതുരുത്തി ഇല്ലത്ത് പത്മനാഭന്റെയും സത്യബാലയുടേയും മകൾ നിത്യയും കോട്ടയം അമനകര പുതിയേടത്ത് ഇല്ലത്ത് യശഃശരീരനായ പി.വി.ദിവാകരന്റെയും സാവിത്രി അന്തർജ്ജനത്തിന്റെയും പുത്രൻ പ്രദീപും തമ്മിലുള്ള വിവാഹം 2018 ഡിസംബർ മാസം 30-ാം തീയതി കൂത്താട്ടുകളും ശ്രീധരീയം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

BRAHMASREE BIMONTHLY REG NO. M2-20225/2003




Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)